

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.കെ.എൽ.എം.പി10/1693/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 30/08/2025
ഇ-മെയിൽ:
doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: തീയ്യതി: 30/08/2025
കെ.എസ്.എ.കെ.എൽ.എം.പി10/1693/25

കൊല്ലം ജില്ലയിലെ ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-06-2023 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ജി.സജികുമാർ	ഡെപ്യൂട്ടി ഡയറക്ടർ	23-07-2025	01-08-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
23-07-2025	01-08-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ലാലു ആർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി ദിവ്യ ജെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രാജശ്രീ സി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രശ്മി വി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.എസ്.ശ്രീകുമാർ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി സി.ആർ. സംഗീത	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.രവിവർമ്മകുമാർ എം.പി.	അസി.സെക്രട്ടറി	01-04-2024	31-03-2025
ശ്രീ.ആൻസൺ.വി.കുഞ്ഞച്ചൻ	കൃഷി ഓഫീസർ	01-04-2024	03-01-2025
ശ്രീമതി അങ്കിത ജോയി	കൃഷി ഓഫീസർ	04-01-2025	31-03-2025
ശ്രീമതി .മിനി ഒ.	ഹെഡ് മിസ്ട്രസ്സ്	01-04-2024	31-03-2025
ഡോ.ഗുരുപ്രിയ.എസ്	വെറ്റിനറി സർജൻ	01-04-2024	31-03-2025
ശ്രീ.ദീപക്.ഡി.എസ്	വി.ഇ.ഒ.1	01-04-2024	31-03-2025
ശ്രീമതി സുനിത	വി.ഇ.ഒ. 2	12-12-2024	31-03-2025
ശ്രീ.ഉമേഷ് കുമാർ യൂ.	ഡയറി ഫാം ഇൻസ്പെക്ടർ	01-04-2024	31-03-2025
ഡോ.ബുഷ്റ	മെഡിക്കൽ ഓഫീസർ.സി.എച്ച്.സി	01-04-2024	31-12-2024
ഡോ. ഫിലിപ് തോമസ് വൈദ്യൻ	മെഡിക്കൽ ഓഫീസർ.സി.എച്ച്.സി	01-01-2025	31-03-2025
ഡോ.നാൻസി.എ.കരീം	മെഡിക്കൽ ഓഫീസർ.ഹോമിയോ	01-04-2024	31-03-2025
ശ്രീമതി .ലതികുമാരിയമ്മ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	30-06-2024
ശ്രീമതി സജീന എസ്.	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-07-2024	31-03-2025
ശ്രീ.മുഹമ്മദ് ആഷിക്ക്	അസി.എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീമതി .മിനിഷ	അക്രഡിറ്റഡ് എഞ്ചിനീയർ എം.ജി.എൻ.ആർ.ഈ.ജി.എസ്	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവുകളും സുലേഖ പ്രകാരമുള്ള ചെലവുകളും വ്യത്യാസപ്പെട്ടിരിക്കുന്നു	1-1-2
4	ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയും നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടും പൊരുത്തപ്പെടുന്നില്ല	1-1-3
5	തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ പൂർണ്ണമായി ചെലവ് ബുക്ക് ചെയ്തിട്ടില്ല	1-1-4
6	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.	1-1-5
7	വിവിധ ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല	1-1-6
8	Capital Work In Progress-ൽ ഉൾപ്പെട്ട തുക കൃത്യമല്ല	1-1-7
9	സ്ഥിരനിക്ഷേപ തുക കൃത്യമല്ല	1-1-8
10	സബ് ട്രഷറി കോവിഡ് അക്കൗണ്ട് ക്ലോസ് ചെയ്തെങ്കിലും RP40(b)യിൽ 1,39,400/-രൂപ ഉൾപ്പെട്ടു	1-1-9
11	ധനകാര്യ കമ്മീഷൻ ഗ്രാന്റ് ട്രഷറി അലോട്ട്മെന്റ് വരവിൽ ഉൾപ്പെടുത്തിയില്ല.	1-1-10
12	ബജറ്റ്	1-2
13	സാമ്പത്തിക വിശകലനം	1-3
14	ഗ്രാന്റുകളുടെ വിനിയോഗം	1-4
15	പദ്ധതി അവലോകനം	1-5
16	തൊഴിലുറപ്പ് പദ്ധതി	1-6
17	ക്ഷേമപദ്ധതികൾ	1-7
18	ക്യാഷ് വെരിഫിക്കേഷൻ	1-8
19	ആഭ്യന്തര നിയന്ത്രണം	1-9
20	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
21	തൊഴിൽ നികുതി- നിർണ്ണയിക്കുന്നതിലും ഈടാക്കുന്നതിലും അപാകതകൾ.	1-11
22	അൺ എയ്ഡഡ് സ്കൂളിന്റെ വസ്തു നികുതി ഈടാക്കിയില്ല	1-12
23	വാടക - അപാകതകൾ	1-13
24	ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.	1-14
25	വൌച്ചർ പരിശോധന- ചെലവ് രേഖകൾ ഹാജരാക്കിയില്ല	1-15
26	തനതുഫണ്ട് ചെലവുകൾ- ഒരേ ചെക്ക് പ്രകാരം 2 തവണ തുക അനുവദിച്ചു	1-16
27	ചെക്ക്& ഡ്രാഫ്റ്റ്, ഡേ ബുക്കു പ്രകാരമുള്ള വരവ് തുകകളുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞില്ല.	1-17
28	മെൻസ്ട്രൽ കപ്പ് വിതരണം- രേഖകൾ ഹാജരാക്കിയില്ല-94,797/- രൂപ തടസ്സപ്പെടുത്തുന്നു	1-18
29	സെക്രട്ടറിയുടെ പ്രോജക്ടുകൾ- വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല	1-19
30	കുഴൽ കിണർ മെയിന്റനൻസ്-വാലേഷൻ ഹാജരാക്കിയില്ല	1-20

31	തുല്യത പരീക്ഷ-ഇളവുള്ള എസ്.സി. വിദ്യാർത്ഥിക്ക് കോഴ്സ് ഫീസ് ഇനത്തിൽ ഒടുക്കു വരുത്തിയ 1850/-രൂപയുടെ ചെലവ് നിരാകരിക്കുന്നു-രേഖകളുടെ അഭാവത്തിൽ ബാക്കി തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-21
32	പത്രപരസ്യം-നിയമാനുസൃത ഡിസ്കൗണ്ട് കുറവ് ചെയ്യാതെ തുക അനുവദിച്ചു	1-22
33	ലോഗ് ബുക്ക് പരിപാലനത്തിൽ അപാകത	1-23
34	റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത ഇനങ്ങൾ ടെണ്ടർ ഒഴിവാക്കി സിഡ്കോയിൽ നിന്നും വാങ്ങി	1-24
35	ആനയടി എഫ്.ഡബ്ളിയൂ.സി നിർമ്മാണം - കരാർ വയ്ക്കുന്നതിലെ കാലതാമസം സംബന്ധിച്ച്	1-25
36	പഞ്ചായത്ത് കോൺഫറൻസ് ഹാൾ ഫർണീഷിംഗ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-26
37	കൊന്നക്കോട്ട് ക്ഷേത്രം പള്ളിക്കലാർ ഡാം-അമ്മച്ചിമുക്ക് -കണ്ണമംറോഡ് മെയിന്റനൻസ് -Defect Liability Period കുറവായി രേഖപ്പെടുത്തി.	1-27
38	ജനകീയ ഹോട്ടൽ അടിസ്ഥാനസൗകര്യം - അനുവദനീയമല്ലാത്ത ഇനത്തിന് തുക നൽകി	1-28
39	കുടുംബശ്രീ വനിതാ ഗ്രൂപ്പ് വാദ്യമേളം - പദ്ധതി പൂർത്തീകരിച്ചില്ല.	1-29
40	ഹൈസ്കൂൾ ജം - പാതിരിക്കൽ റോഡ് ഇന്റർലോക്ക് - ഓപ്പൺ സ്റ്റേഡിയം നിർമ്മാണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-30
41	ആട് വളർത്തൽ പദ്ധതി-ഗുണഭോക്താക്കൾ പരസ്പരം ആടുകളെ കൈമാറുന്നു-പ്രോജക്ട് ലക്ഷ്യം നിറവേറ്റപ്പെടുന്നില്ല.	1-31
42	മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ-ചെലവ് രേഖകൾ ഹാജരാക്കിയില്ല	1-32
43	വാഹന വാടക -കമ്മീഷൻ രേഖകൾ ഹാജരാക്കിയില്ല	1-33
44	ജനറൽ കമ്മിറ്റി മിനിട്സ്- സമയബന്ധിതമായി അംഗീകാരം നൽകുന്നില്ല.	1-34
45	തെരുവ് വിളക്ക് പരിപാലനം- അപാകതകൾ	1-35
46	വീട് വാസയോഗ്യമാക്കൽ - അഡ്വാൻസ് കൈപ്പറ്റിയ ശേഷം ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയില്ല	1-36
47	ലൈഫ് ഭവന നിർമ്മാണം -അഡ്വാൻസ് കൈപ്പറ്റിയ ശേഷം ഭവന നിർമ്മാണം ആരംഭിച്ചില്ല	1-37
48	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-38
49	ജൽജീവൻ മിഷൻ അവലോകനം	1-39
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	പത്താംതരം തുല്യത- ഇളവുള്ള എസ്.സി. വിദ്യാർത്ഥിക്ക് കോഴ്സ് ഫീസ് ഇനത്തിൽ തുക ഒടുക്കു വരുത്തി	3-1
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപപ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5

6	വായ്പ/വായ്പാതിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ	4-9
10	ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധ പത്രികകൾ	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 21.6.2025 തീയതിയിലെ 2(1) -ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 26.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.
എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം-കൊല്ലം
തീയതി: 30.08.2025

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1-1-2 വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവുകളും സുലേഖ പ്രകാരമുള്ള ചെലവുകളും വ്യത്യാസപ്പെട്ടിരിക്കുന്നു

സുലേഖ ചെലവ് പത്രിക, എ.സി.ആർ പ്രകാരമുള്ള ചെലവും വാർഷിക കണക്ക് പ്രകാരമുള്ള ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു.
വിശദാംശം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	സുലേഖ പത്രിക പ്രകാരമുള്ള ചെലവ് ₹	എ.സി.ആർ പ്രകാരമുള്ള ചെലവ്₹	വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് ₹
വികസനഫണ്ട് എസ്.സി.പി	1,31,25,921/-	1,32,10,921/-	1,31,70,921/-

സുലേഖ പത്രിക പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും തമ്മിലുള്ള വ്യത്യാസം 45,000/-രൂപ, സാങ്കേതിക പ്രശ്നം കാരണം പ്രോജക്ട് നം. 25 പ്രകാരമുള്ള ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെടാത്തതിനാലും എ.സി.ആർ പ്രകാരമുള്ള ചെലവും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും തമ്മിലുള്ള വ്യത്യാസം 40,000/- രൂപ, പെയ്മെന്റ് ആകാത്ത ബില്ല് എ.സി.ആർ-ൽ ഉൾപ്പെട്ടതിനാലും ഉണ്ടായതാണ്.

1-1-3 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയും നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടും പൊരുത്തപ്പെടുന്നില്ല

ധനകാര്യ കമ്മീഷൻ ഗ്രാന്റ് വാർഷിക ധനകാര്യ പത്രികയിലെ B4 പ്രകാരം 52,91,475/-രൂപയും B17 പ്രകാരം 52,92,292/-രൂപയുമാണ്. വ്യത്യാസം 817/- രൂപ KCWWF റിക്കവറി ഇനത്തിലെ തുകയാണ്. ഇത് മാർച്ച് 31-ന് ശേഷമാണ് ഒടുക്കുവരുത്തിയത്.

1-1-4 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ പൂർണ്ണമായി ചെലവ് ബുക്ക് ചെയ്തിട്ടില്ല

Advance To KSEB എന്ന ഹെഡിൽ 2024-25 വർഷം KSEB യ്ക്ക് നൽകിയ തുക പൂർണ്ണമായി ഉൾപ്പെട്ടിട്ടില്ല.
2024-25 വർഷം KSEB യ്ക്ക് നൽകിയ തുക-7,54,731/-രൂപ.
Advance To KSEB എന്ന ഹെഡിൽ 2024-25 വർഷം ഉൾപ്പെട്ടത്-6,08,702/-രൂപ.

1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല. വസ്തു നികുതി അക്രൂവൽ എൻട്രി യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.

1-1-6 വിവിധ ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

വിവിധ ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രയർ പിരിയഡ് ഐറ്റംസ് ആയി ജേണൽ ചെയ്തിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1-1-7 Capital Work In Progress-ൽ ഉൾപ്പെട്ട തുക കൃത്യമല്ല

B11 ൽ ഉൾപ്പെട്ട Capital Work In Progress ലെ തുക 80,99,019/-രൂപ. എന്നാൽ ഉൾപ്പെടുത്തേണ്ടത് 79,01,035/-രൂപയാണ്. പ്രോജക്ട് 221/25, റോഡ് മെയിന്റനൻസ് തുക 1,97,984/- രൂപ Capital Work In Progress ൽ തെറ്റായി ഉൾപ്പെട്ടതിനാലാണ് വ്യത്യാസം വന്നത്.

1-1-8 സ്ഥിരനിക്ഷേപ തുക കൃത്യമല്ല

B12 ലെ Investment- Fixed Deposit ൽ ഉൾപ്പെട്ടത്-2,45,100/-രൂപ.
ഇൻവെസ്റ്റ്മെന്റ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക-2,68,433/-രൂപ (1,23,333/-, 1,45,100/-)
വ്യത്യാസം-23,333/-രൂപ.

1-1-9 സബ് ട്രഷറി കോവിഡ് അക്കൗണ്ട് ക്ലോസ് ചെയ്തെങ്കിലും RP40(b)യിൽ 1,39,400/-രൂപ ഉൾപ്പെട്ടു.

സബ് ട്രഷറി കോവിഡ് അക്കൗണ്ട് ക്ലോസ് ചെയ്തെങ്കിലും RP40(b)യിൽ 1,39,400/-രൂപ നീക്കിയിരിപ്പ് ഉണ്ട്.

1-1-10 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ട്രഷറി അലോട്ട്മെന്റ് വരവിൽ ഉൾപ്പെടുത്തിയില്ല.

GO(RT)No.2075/2025/Fin, Dated 4-3-25 പ്രകാരം വന്ന ധനകാര്യ കമ്മീഷൻ ഗ്രാന്റ് ട്രഷറി അലോട്ട്മെന്റ് 6,00,526/-രൂപ എ.സി.ആർ-ൽ വരവിൽ ഉൾപ്പെടുത്തിയില്ല.

1-2 ബജറ്റ്

ബജറ്റ് 12.02.2024 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 13.02.2025 തീയതിയിലെ 5(1) തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	1,86,55,156/- രൂപ
വരവ്	6,70,15,803/- രൂപ
ആകെ	8,56,70,959/- രൂപ
ചെലവ്	6,75,38,102/- രൂപ
നീക്കിയിരിപ്പ്	1,81,32,857/- രൂപ
വരവിനത്തിലുള്ള നഷ്ടം	ഇല്ല
ഓഡിറ്റിൽ അംഗീകരിക്കാത്ത തുക/ നിരാകരിക്കുന്ന തുക	1,850/- രൂപ
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	15,92,174/-രൂപ

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവു ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഇല്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

1-4 ഗ്രാന്റുകളുടെ വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	ലാപ്സായ/ നീക്കിയിരിപ്പ് തുക (₹)
വികസനഫണ്ട്(ജനറൽ)	0	19822000/-	19822000/-	19821172/-	828/-
വികസനഫണ്ട്(എസ്.സി.പി)	0	14983000/-	14983000/-	13170921/-	1812079/-
സി.എഫ്.സി. ടൈഡ് (ബാങ്ക്)	330537/-	7204000/-	7534537/-	3403699/-	4130838/-
സി.എഫ്.സി. ടൈഡ് ട്രഷറി	0	1201053/-	1201053/-	837432/-	363621/-
സി.എഫ്.സി. അൺടൈഡ് (ബാങ്ക്)	1172826/-	3467811/-	4640637/-	3480000/-	1160637/-
മെയിന്റനൻസ് ഫണ്ട് (റോഡ്)	0	17346000/-	17346000/-	16741758/-	604242/-
മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)	0	7253000/-	7253000/-	5300069/-	1952931/-
സംസ്ഥാനാവിഷ്കൃത ഗ്രാന്റ്					
കാവുകളുടെ സംരക്ഷണം	5345/-	0	5345/-	0	5345/-
ലൈഫ് മിഷൻ- സ്റ്റേറ്റ് ഷെയർ	0	7100000/-	7100000/-	6800000/-	300000/-
ബഡ്സ് സ്കൂൾ	1020220/-	0	1020220/-	366734/-	653486/-
കേന്ദ്രാവിഷ്കൃത ഗ്രാന്റ്					
MGNREGS	11757/-	2321276/-	2333033/-	0	2333033/-
ICDS	2404792/-	4071477/-	6476269/-	1500000/-	4976269/-

സമ്പൂർണ്ണശുചിത്വം	136419/-	5457/-	141876/-	0	141876/-
ശുചിത്വ മിഷൻ	0	1621561	1621561	1621561	0
ഹെൽത്ത് ഗ്രാന്റ് വെൽനസ്	72931/-	642279/-	715210/-	21684/-	693526/-
ഹെൽത്ത് ഗ്രാന്റ് ബിൽഡിംഗ്	8443554	202881/-	8646435/-	7025217/-	1621218/-
ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക്	184268/-	410736/-	595004/-	46980/-	548024/-

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
237	40,45,24,531/-	232	9,91,03,480/-	0	5	97%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ്₹	നീക്കിയിരുപ്പ് ₹
ഭരണചെലവുകൾ MNREGA A/C	11,757/-	23,21,276/-	23,33,033/-	0	23,33,033/-
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	-	9,16,51,774/-	9,16,51,774/-	9,16,51,774/-	0

1-7 ക്ഷേമപദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)
കർഷകതൊഴിലാളി പെൻഷൻ	69,77,400/-
വിധവാപെൻഷൻ	2,13,31,400/-
വാർദ്ധക്യകാലപെൻഷൻ	3,63,05,100/-
വികലാംഗപെൻഷൻ	73,88,500/-
50 വയസു കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	4,11,600/-

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.07.25, 10.45 AM ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 500/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ പ്രതിദിന വരവു തുകകൾ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. ILGMS സോഫ്റ്റ്വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്തിട്ടുണ്ട്. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ 29-ാം ചട്ടത്തിൽ പ്രതിപാദിക്കും പ്രകാരം ചെലവുകൾ അധികാരപ്പെടുത്തി വൌച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്/ഡി.ഡി.യായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ്കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ഭരണസമിതിയോഗങ്ങളുടെ മിനിട്സ് സമയബന്ധിതമായി അംഗീകാരം നൽകാത്തത് ഗുരുതരമായ വീഴ്ചയാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ജനങ്ങൾക്ക് ഭാരമാകാത്ത രീതിയിൽ പുതിയ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതും നിലവിലുള്ള നികുതികൾ പൂർണമായും പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. പഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണം എന്ന പദ്ധതിയുടെ

നടത്തിപ്പിലും തുടർ മോണിറ്ററിംഗിലും സമയബന്ധിതമായി ഇടപെടാത്തത് മൂലം ഗ്രാമപഞ്ചായത്തിന് ധനനഷ്ടം ഉണ്ടാകുന്ന അവസ്ഥ സംജാതമായിരിക്കുന്നു. പദ്ധതികൾ വാങ്ങലുകളിൽ മാത്രം ഒതുക്കി നിർത്താതെ ആയതിന്റെ തുടർ മോണിറ്ററിംഗിലും ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ക്ഷീരോത്പാദക മേഖലയുടെ ഉണർവ്വിനെ ലക്ഷ്യം വെച്ചുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ ആയതിന്റെ പദ്ധതി ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി ഉരുക്കളെ പരമാവധി മറ്റ് പഞ്ചായത്തുകളിൽ നിന്നോ മറ്റ് സംസ്ഥാനങ്ങളിൽ നിന്നോ വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ ആയതുമായി ബന്ധപ്പെട്ട കരാർ മുതൽ പദ്ധതി പൂർത്തീകരണം വരെ നിർവഹണ ഉദ്യോഗസ്ഥൻ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	15.01.2023	10/2022 മുതൽ 12/2022 വരെ	17.03.2023
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	01.12.2018 മുതൽ 11.12.2018 വരെ	2013-14 മുതൽ 2017-18 വരെ	18.01.2019

1-11 തൊഴിൽ നികുതി- നിർണ്ണയിക്കുന്നതിലും ഈടാക്കുന്നതിലും അപാകതകൾ.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരു സ്ഥാപനം/വ്യക്തിയുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു.

1. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയവർ, ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, സ്വകാര്യ വാഹന ഉടമകൾ, അഭിഭാഷകർ, റേഷൻകട ഉടമകൾ എന്നിവരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. കൂടാതെ ഗ്ലോബൽ കാഷ്യൂസ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽനികുതി (ബാധകമായിട്ടുള്ളവർ), സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി രജിസ്റ്ററിൽ ബി.എസ്.എൻ.എൽ എന്ന് രേഖപ്പെടുത്തി 1,250/-രൂപ ഈടാക്കിയതിന്റെ വിവരം മാത്രം ഉൾപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാരുടെ പേരു വിവരങ്ങളോ അർദ്ധ വർഷ വരുമാനമോ സംബന്ധിച്ച വിവരം ലഭ്യമല്ല.

2. തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പിന്റെ 27.06.2024ലെ 1149/2024/എൽ.എസ്.ജി.ഡി നമ്പർ പ്രകാരം ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ 2.118 നമ്പർ ശിപാർശയിലെ നിരക്കിൽ ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും തൊഴിൽ നികുതി സ്ലാബുകൾ പരിഷ്ക്കരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരിഷ്ക്കരിച്ച തൊഴിൽനികുതി നിരക്കുകൾക്ക് 2024 രണ്ടാം അർദ്ധ വർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. എന്നാൽ ചുവടെ കൊടുത്തിരിക്കുന്ന വ്യക്തികളിൽ നിന്നും രണ്ടാം അർദ്ധ വർഷത്തിലെ തൊഴിൽ നികുതി, വരുമാനത്തിനനുസൃതമായി നിശ്ചയിക്കപ്പെട്ട സ്ലാബ് പ്രകാരം ഈടാക്കിയിട്ടില്ല.

ജീവനക്കാരുടെ പേരു വിവരം	അർദ്ധ വർഷ വരുമാനം	ഈടാക്കിയ നികുതി	ഈടാക്കേണ്ടിയിരുന്ന നികുതി	കുറവായി ഈടാക്കിയ തുക
ശ്രീ. ഫെബിൻ എബ്രഹാം, മരിയാനം ഹോസ്പിറ്റൽ	54,000/-	450/-	750/-	300/-
ശ്രീമതി അശ്വതി ബിനു, മരിയാനം ഹോസ്പിറ്റൽ	51,000/-	450/-	750/-	300/-
ശ്രീമതി മരിയ ജോൺസൺ, മരിയാനം ഹോസ്പിറ്റൽ	51,000/-	450/-	750/-	300/-

ശ്രീമതി മായാദേവി, മിനി മുത്തൂറ്റ് നിധി ലിമിറ്റഡ്	72,360/-	600/-	750/-	150/-
ശ്രീമതി ഇന്ദുകല, മിനി മുത്തൂറ്റ് നിധി ലിമിറ്റഡ്	71,100/-	600/-	750/-	150/-
ശ്രീ. ബാബുകുട്ടി. നീമാ നിധി ലിമിറ്റഡ്	28,200/-	180/-	450/-	270/-
ശ്രീമതി പ്രഭാ സി, നീമാ നിധി ലിമിറ്റഡ്	27,000/-	180/-	450/-	270/-
ശ്രീ. മോഹനൻ, ടുഡ്ഡി ഷോപ്പ്, ശൂരനാട്	48,000/-	600/-	750/-	150/-
ശ്രീ. ശ്രീകുമാർ, ടുഡ്ഡി ഷോപ്പ്, ശൂരനാട്	48,000/-	600/-	750/-	150/-
ശ്രീ. സന്തോഷ്, ടുഡ്ഡി ഷോപ്പ്, പാറക്കടവ്	48000/-	600/-	750/-	150/-
ശ്രീ. ജയേഷ്, ടുഡ്ഡി ഷോപ്പ്, പാറക്കടവ്	48,000/-	600/-	750/-	150/-
ശ്രീ. കെ.ഡി. സുരേഷ് ടുഡ്ഡി ഷോപ്പ്, ആനയടി	48,000/-	600/-	750/-	150/-

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻകയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി നമ്പർ 13/29.07.25

1-12 അൺ എയ്ഡഡ് സ്കൂളിന്റെ വസ്തു നികുതി ഈടാക്കിയില്ല

സർക്കാരിന്റെ 28.03.2023 തീയതിയിലെ നമ്പർ 15 (2) ലെഗ്. എ 2/2023/നിയമം ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ട് 207 ബി എ വകുപ്പ്, കേരള മുൻസിപ്പാലിറ്റി ആക്ട് 235 ബി എ വകുപ്പ് പ്രകാരം ഹയർ സെക്കണ്ടറിതലം വരെയുള്ള അൺഎയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവന്നിരുന്ന വസ്തുനികുതിയിളവ് 01.04.2023 പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൺഎയ്ഡഡ് സ്കൂളുകളുടെ വിവരങ്ങളും വസ്തുനികുതി ഈടാക്കിയതിന്റെ വിവരങ്ങളും ആവശ്യപ്പെട്ടു നൽകിയ എൻകയറിക്ക്, വാർഡ് നമ്പർ 13/518-ാം നമ്പറായി ബസേലിയസ് മാർത്തോമ മാത്യൂസ് 2, കത്തോലിക്ക ബാവ കോട്ടയം എന്ന പേരിൽ 238.6 ച.മീ തറവിസ്തീർണ്ണവും, 13/556-ാം നമ്പറായി മാർത്തോമ മാത്യൂസ് 2, കത്തോലിക്ക ബാവ, കത്തോലിക്കേറ്റ് അരമന എന്ന പേരിൽ 818.07 ച.മീ തറ വിസ്തീർണ്ണമുള്ള ബസേലിയസ് മാർത്തോമ മാത്യൂസ് 2 എന്ന വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടവും സ്ഥിതി ചെയ്യുന്നുണ്ടെന്നും മേൽ കെട്ടിടത്തിനു ഹയർ സെക്കൻഡറി തലം വരെയുള്ള വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടം എന്ന് രേഖപ്പെടുത്തി നികുതി ഒഴിവാക്കിയിട്ടുണ്ടെന്നും മറുപടി നൽകി. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി നമ്പർ 26/31.07.25

1-13 വാടക - അപാകതകൾ

1. പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ 10 കടമുറികൾ തൻവർഷത്തേക്ക് വാടകയ്ക്ക് നകിയിട്ടുണ്ട്. ആയതിൽ ശ്രീ. വിജയകുമാർ, പുല്ലംപ്പള്ളിൽ, ശ്രീ.രവീന്ദ്രൻപിള്ള, കൈലാസം, ശ്രീ. സന്തോഷ്കുമാർ, തോട്ടുകടവിൽ, ശ്രീമതി മണിയമ്മ, അംബികാഭവനം, ശ്രീമതി പദ്മാകുമാരി, ശശിഭവനം, ശ്രീ.മാത്യൂകുട്ടി, കല്ലുവിളയിൽ, ശ്രീ.അനിൽകുമാർ, കളീയ്ക്കൽ, ശ്രീ.വിവേകാനന്ദ്, വേലംപറമ്പിൽ എന്നീ വ്യക്തികളുമായുള്ള ബ്ലാങ്ക് എഗ്രിമെന്റ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. കരാർ വ്യവസ്ഥകൾ ഉൾപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കൂടാതെ റും നമ്പർ 9 സെക്രട്ടറി, കഫേ കുടുംബശ്രീയ്ക്ക് തൻവർഷത്തേക്ക് പ്രതിമാസം 271/-രൂപയ്ക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ വാടകക്കരാർ ചമച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻകയറിക്ക്, മേൽ വ്യക്തികൾ കൃത്യമായി വാടക അടവാക്കിയിട്ടുണ്ടെന്നും, അടുത്ത

സാമ്പത്തിക വർഷം മുതൽ വ്യവസ്ഥകൾ ഉൾപ്പെടുത്തി വാടക കരാർ ചമച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതുമാണെന്ന് മറുപടി ലഭ്യമാക്കി.

2. പോസ്റ്റോഫീസിനു വാടകയ്ക്ക നൽകിയിട്ടുള്ള 12/305 നമ്പർ കെട്ടിടത്തിന്റെ 2020 മാർച്ച് മാസം മുതൽ 2022 മാർച്ച് മാസം വരെയുള്ള വാടക (പ്രതിമാസം 2,500/-രൂപ) 62,500/-രൂപ ഈടാക്കിയിട്ടില്ല. കൂടാതെ മേൽ പോസ്റ്റോഫീസ് കെട്ടിടം പ്രതിമാസം 2,500/-രൂപയ്ക്ക് (വാർഷിക വർദ്ധനവ് ഇല്ലാതെ) 28.01.2018 ലെ ലീസ് എഗ്രിമെന്റ് പ്രകാരം 5 വർഷത്തേക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. മേൽ കാലാവധി 2023-ൽ അവസാനിച്ചെങ്കിലും കരാർ പുതുക്കിയിട്ടില്ല. 2023-24-ലും 2024-25-ലും 2,500/-രൂപ നിരക്കിലാണ് വാടക ഈടാക്കിയിരിക്കുന്നത്. മേൽ കെട്ടിടത്തിന് 17/03/25-ൽ എ.ഇ. നൽകിയ വാല്യൂവേഷൻ പ്രകാരം രൂപ 9,247/-രൂപ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ 2025-26-ലും 2,500/-രൂപയാണ് വാടകയായി ഈടാക്കി വരുന്നത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻകൃയറിക്ക്, മേൽ കെട്ടിടത്തിന്റെ 2020-22 കാലയളവിലെ വാടക(62,500/-) ,ജി.എസ്.ടി, ഫ്ലഡ് സെസ്സ്, പിഴപ്പലിശ എന്നിവ ഉൾപ്പെടെ ഈടാക്കുന്നതുമായി ബന്ധപ്പെട്ട് മുൻസിഫ് കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ടെന്നും (എസ്.റ്റി.318/22, 101627/22) പ്രോസിക്യൂഷൻ നടപടികൾ പുരോഗമിക്കുന്നതിനാൽ കരാർ പുതുക്കിയിട്ടില്ലെന്നും, വാടക വർദ്ധിപ്പിച്ച് നൽകിയിട്ടില്ലെന്നും മറുപടി നൽകി. മേൽ കേസിന്റെ പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നമ്പർ -13/29.07.25

1-14 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല.

1. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം പഞ്ചായത്ത് പരിധിയിൽ 458 സ്ഥാപനങ്ങളുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 410 സ്ഥാപനങ്ങളെ ലൈസൻസ് എടുത്തിട്ടുള്ളു. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻകൃയറിക്ക് 30 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്നും, കെട്ടിട നമ്പർ നൽകിയിട്ടുള്ളതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി സ്ഥാപനങ്ങൾ പൂട്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. എന്നാൽ മേൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

2. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 1-ലെ ക്രമ നമ്പർ 149 പ്രകാരം റീട്ടയിൽ റേഷൻഡിപ്പോകൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണ്. എന്നാൽ ലൈസൻസുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ റേഷൻ ഷോപ്പുകൾക്ക് ലൈസൻസ് അനുവദിച്ചതായി കണ്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

മേൽ സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതും, ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

ഓഡിറ്റ് എൻകൃയറി നം.13/29.07.25

1-15 വൌച്ചർ പരിശോധന- ചെലവ് രേഖകൾ ഹാജരാക്കിയില്ല

1. വൌച്ചർ നമ്പർ 22400234/25.06.24 പ്രകാരം തെന്നില യു.പി.എസിലെ 3 തെങ്ങ്, മഹാഗണി, ബദാം എന്നിവ 6,000/-രൂപ നൽകിയും വൌച്ചർ നമ്പർ 22400231/25.06.24 പ്രകാരം പഞ്ചായത്ത് കോമ്പൌണ്ടിലെ തേക്ക് മരം 4,500/-രൂപ നൽകിയും, വാർഡ് 14-ലെ അപകടകരമായ മരങ്ങൾ ചെക്ക് നമ്പർ 481410/20.03.25 പ്രകാരം 13,490/-രൂപ നൽകിയും മുറിച്ചു നീക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത മരങ്ങളുടെ വാല്യൂവേഷൻ, ലേലം, സ്വീകരിച്ച തുടർ നടപടികൾ എന്നിവ സംബന്ധിച്ച് നൽകിയ എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

2. വൌച്ചർ നമ്പർ 22400113/22.05.24 പ്രകാരം 4-ാം വാർഡ് -പാലക്കാത്തറ, വാലുതറ ഡ്രെയിനിലൂടെ വെള്ളം ഒഴുകി പോകുന്നതിനായി മണ്ണു നീക്കം ചെയ്ത വകയിൽ 6,000/-രൂപ വൌച്ചർ നമ്പർ 22400113/22.05.24 പ്രകാരം അഴകിയകാവ് എൽ.പി. സ്കൂൾ കോമ്പൌണ്ട് വാൾഫൌണ്ടേഷൻ

കോൺക്രീറ്റിംഗിന് 9,482/-രൂപ, വൌച്ചർ നമ്പർ 22400114/22.05.24 പ്രകാരം കിഴകിട ഏലാത്തോട് മെയിന്റനൻസ് 9,791/-രൂപ, വൌച്ചർ നമ്പർ 22400115/22.05.24 പ്രകാരം പെരുംകുളം മെയിന്റനൻസ് 9,864/-രൂപ എന്നിങ്ങനെ പെറ്റി വർക്കുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻകൃയറി നമ്പർ-13/29.07.25, 24/31.07.25

1-16 തനതുഫണ്ട് ചെലവുകൾ- ഒരേ ചെക്ക് പ്രകാരം 2 തവണ തുക അനുവദിച്ചു.

തനത് ഫണ്ടിൽ നിന്നുള്ള പണം പിൻവലിക്കൽ പരിശോധിച്ചതിൻ പ്രകാരം ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കണ്ടെത്തി.

1. ഡയറി-പ്രോജക്ട് നമ്പർ 204 മിൽക്ക് ഇൻസെന്റീവ് ഫോർ ഫാർമേഴ്സ് എന്നു രേഖപ്പെടുത്തി ചെക്ക് നമ്പർ 464015 പ്രകാരം 18.12.24-ലും, 20.12.24-ലും 2 തവണ 6,234/-രൂപ പിൻവലിച്ചിട്ടുണ്ട്.

2. ടിജി ജോൺ, തെങ്ങും വിളയിൽ വീട് -ഡെയ്ഞ്ചറസ് ട്രീ കട്ടിംഗ് എന്നു രേഖപ്പെടുത്തി ചെക്ക് നമ്പർ 245049 പ്രകാരം 30.08.24 ൽ രണ്ട് തവണ 15,000/-രൂപ പിൻവലിച്ചിട്ടുണ്ട്.

തുക അധികമായി പിൻവലിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അധികമായി പിൻവലിച്ച തുകകൾ തുടർന്ന് ക്രമീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഇല്ലെങ്കിൽ തിരികെ തനതു ഫണ്ടിൽ ഒടുക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻകൃയറി നമ്പർ-24/31.07.25

1-17 ചെക്ക്& ഡ്രാഫ്റ്റ്, ഡേ ബുക്കു പ്രകാരമുള്ള വരവ് തുകകളുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞില്ല.

1. ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം ഫൈൻ- പെനാലിറ്റീസ് എന്ന ഇനത്തിൽ A.E എൽ.എസ്.ജി.ഡി. ചെക്ക് നമ്പർ 72630 പ്രകാരം 14,006/-രൂപ അടച്ചതിന്റെ രസീത് 1240101471/16.10.24 നമ്പർ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുക തനത് ഫണ്ട് അക്കൌണ്ടിൽ ക്രഡിറ്റായിട്ടുണ്ടോ എന്നുള്ളത് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. തുക ക്രഡിറ്റായതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

2. ഡേ ബുക്ക് പരിശോധിച്ചതിൻ പ്രകാരം യു.പി.ഐ പേമെന്റ്, ചെക്ക് എന്നിവ പ്രകാരം ഫ്രണ്ട് ഓഫീസിൽ ഒടുക്കു വരുത്തുന്ന തുകകൾ അക്കൌണ്ടിലേക്ക് ക്രഡിറ്റായതിന്റെ കൃത്യത പരിശോധിച്ച് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

തീയതി	**ഡേ ബുക്ക് പ്രകാരം ലഭ്യമായ വരവ് തുക ₹**
05.03.25	38,639/-
07.03.25	6,021/-
19.03.25	26,087/-
20.03.25	55,938/-
29.03.25	27,284/-

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ എൻകൃയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.

മേൽ തീയതികളിൽ യു.പി.ഐ പേമെന്റ്, ചെക്ക് പ്രകാരമുള്ള വരവ് വേർതിരിച്ച് അതാത് അക്കൌണ്ടുകളിൽ ലഭ്യമായതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

എൻകൃയറി നം. 24/31.07.25

1-18 മെൻസ്ട്രൽ കപ്പ് വിതരണം- രേഖകൾ ഹാജരാക്കിയില്ല-94,797/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.
പ്രോജക്ട് നമ്പർ	15/24, വനിതകൾക്ക് മെൻസ്ട്രൽ കപ്പ്
അടങ്കൽ തുക	1,00,000/- രൂപ (വികസന ഫണ്ട് ജനറൽ)
ചെലവഴിച്ച തുക	94,797/-രൂപ (ബിൽ നം. 13/17-3-25)

മേൽ പ്രോജക്ട് പ്രകാരം ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും (ഇൻവോയ്സ് നം. 94230573611/26.3.25) 316 മെൻസ്ട്രൽ കപ്പുകൾ ഒന്നിന് 300/- രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ, വിതരണം ചെയ്തതിന്റെ രേഖകൾ ഇവ ഹാജരാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻകൃയറിക്ക് മറുപടിയായി, മെൻസ്ട്രൽ കപ്പുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിതരണം പൂർത്തിയാക്കി രേഖകൾ ഹാജരാക്കുന്നതാണെന്നും അറിയിച്ചു. മെൻസ്ട്രൽ കപ്പുകളുടെ വിതരണ രേഖകൾ ഹാജരാക്കുന്നതുവരെ ആയത് വാങ്ങുന്നതിനായി ചെലവഴിച്ച 94,797/-രൂപ തടസ്സപ്പെടുത്തുന്നു. മെൻസ്ട്രൽ കപ്പുകൾ വിതരണം ചെയ്ത് രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നം 21/31-7-25

തടസ്സപ്പെടുത്തുന്ന തുക-94,797/-രൂപ

1-19 സെക്രട്ടറിയുടെ പ്രോജക്ടുകൾ- വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2024-25 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

ക്രമ നം.	പ്രോജക്ട് നം. പേര്	തുക കൈപ്പറ്റിയ സ്ഥാപനം	നൽകിയ തുക₹	ബിൽ നം./ചെക്ക് നം, തീയതി
1	62/25-ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ	കെ.എസ്.ഇ.ബി ശൂരനാട്	39,761/-	12167 (ചെക്ക് നമ്പർ 464079,6-2-25) 27594 (ചെക്ക് നമ്പർ 481397,3-3-25
2	268/25-മൊബൈൽ ട്രീറ്റ് മെന്റ് യൂണിറ്റ് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ	ജില്ലാ പഞ്ചായത്ത്	1,00,000/-	
3	61/25- ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ	കെ.എസ്.ഇ.ബി ശൂരനാട്	1,46,029/-	ബിൽ നമ്പർ-303/28-2-25, 372/15-3-25
5	66/25-ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ	കെ.എസ്.ഇ.ബി ശൂരനാട്	2,99,829/-	ചെക്ക് നമ്പർ 245116, 14-11-24, ചെക്ക് നമ്പർ 464067, 27-01-25
6	267/25 ABC സെന്റർ- ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ	ജില്ലാ പഞ്ചായത്ത്	1,00,000/-	
7	243/25, സ്ട്രീറ്റ് മെയിൻ വലിക്കൽ അധിക തുക നൽകൽ	കെ.എസ്.ഇ.ബി ശൂരനാട്	59,226/-	ചെക്ക് നമ്പർ 245085,7-10-24
8	96/25-സ്ട്രീറ്റ് മെയിൻ വലിക്കൽ	കെ.എസ്.ഇ.ബി ശൂരനാട്	2,09,886/-	ബിൽ നമ്പർ-392/18-3-25

മേൽ പദ്ധതികളുടെ പൂർത്തീകരണ/ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ധനവിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ 9,54,731/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻകൃയറി നം.- 32/01.08.25

തടസ്സപ്പെടുത്തുന്ന തുക- 9,54,731/- രൂപ

1-20 കുഴൽ കിണർ മെയിന്റനൻസ്-വാലോഷൻ ഹാജരാക്കിയില്ല

പ്രോജക്ടിന്റെ പേരും നമ്പരും	വയ്യാങ്കര കുടിവെള്ള പദ്ധതി

	കുഴൽ കിണർ മെയിന്റനൻസ് (244/25)
അടങ്കൽ തുക	50,000/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവഴിച്ച തുക	49,796/-രൂപ (ബിൽ നമ്പർ-184/11-12-24)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

മേൽ പ്രോജക്ട് പകാരം മോട്ടോർ തകരാർ പരിഹരിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത വി.എസ് അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചു. ആയതിൻ പ്രകാരം പ്രവൃത്തി പൂർത്തിയാക്കി 49,796/-രൂപ (ഇൻവോയിസ് നമ്പർ-A027, 28-10-24) ഏജൻസിയ്ക്ക് നൽകി. എന്നാൽ ടി പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വാലോഷൻ സംബന്ധിച്ച രേഖകൾ ലഭ്യമല്ല. വാലോഷൻ രേഖകൾ ഹാജരാക്കുന്നതുവരെ പ്രവൃത്തിയ്ക്കായി ചെലവഴിച്ച 49,796/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. പ്രവൃത്തിയുടെ വാലോഷൻ ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക-49,796/-രൂപ

<u>1-21 തുല്യത പരീക്ഷ-ഇളവുള്ള എസ്.സി. വിദ്യാർത്ഥിക്ക് കോഴ്സ് ഫീസ് ഇനത്തിൽ ഒടുക്കു വരുത്തിയ 1850/-രൂപയുടെ ചെലവ് നിരാകരിക്കുന്നു-രേഖകളുടെ അഭാവത്തിൽ ബാക്കി തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു</u>

നിർവ്വഹണം	ഹെഡ്മിസ്ട്രസ്
പ്രോജക്ട് നം./പേര്	44/25, സാക്ഷരത തുല്യത പരീക്ഷ
അടങ്കൽ	60,000/-രൂപ
ചെലവ്	14,700/-രൂപ
ചെക്ക് നമ്പർ	481415/27.03.25

ഹെഡ്മിസ്ട്സ്സ് നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ പ്രോജക്ട് നം.44 പ്രകാരം പത്താംതരം തുല്യത, ഹയർ സെക്കണ്ടറി തുല്യത കോഴ്സുകൾക്ക് രജിസ്ട്രേഷൻ ഫീസും, കോഴ്സ് ഫീസും ഒടുക്ക് വരുത്തിയിട്ടുണ്ട്. പത്താംതരം പരീക്ഷയ്ക്ക് 4 പഠിതാക്കളുടെ ഫീസ് സാക്ഷരതാ മിഷനിൽ ഒടുക്കിയതിന്റെ പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(I) എസ്.സി. വിഭാഗത്തിലെ പഠിതാവിന് കോഴ്സ് ഫീസിന് ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും കോഴ്സ് ഫീസ് ഇനത്തിൽ തുക ഒടുക്കു വരുത്തി. വിശദാംശം ചുവടെ ചേർക്കുന്നു.

പഠിതാവിന്റെ പേര്	കോഴ്സ്	ഉൾപ്പെടുന്ന വിഭാഗം
ശ്രീ. കണ്ണൻ നന്ദനം, എടപ്പനയം, പാറക്കടവ്	പത്താംതരം തുല്യത	പട്ടികജാതി വിഭാഗം

പ്രസ്തുത കോഴ്സിന്റെ പ്രോസ്പെക്ടസ് പ്രകാരം എസ്.സി. വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസിന് ഇളവുണ്ട്.

(Ii) പഠിതാക്കൾ കോഴ്സുകൾക്ക് ഹാജരായതിന്റെയും പരീക്ഷ എഴുതിയതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് രജിസ്ട്രേഷൻ ചെയ്തപ്പോൾ തെറ്റിപ്പോയതാണെന്നും, തുല്യത പരീക്ഷ നടന്നിട്ടില്ലെന്നും നടന്നതിനുശേഷം രേഖകൾ ലഭ്യമാക്കാമെന്നും മറുപടി ലഭ്യമാക്കി.

ആകെ ചെലവഴിച്ച 14,700/-രൂപയിൽ മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി അധികമായി അടവാക്കിയ 1,850/-രൂപയുടെ ചെലവ് നിരാകരിക്കുകയും, രേഖകളുടെ അഭാവത്തിൽ ബാക്കി 12,850/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുകയും ചെയ്യുന്നു. പഠിതാക്കൾ കോഴ്സുകൾക്ക് ഹാജരായി പരീക്ഷ എഴുതിയതിന്റെ രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

അധികമായി അനുവദിച്ച തുകയായ 1,850/-രൂപ നിർവ്വഹണോദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ്സിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

ഓഡിറ്റ് എൻകൗയറി നം. 16/30.07.25
തടസ്സപ്പെടുത്തുന്ന തുക -12,850/- രൂപ
നിരാകരിക്കുന്ന തുക – 1,850/-രൂപ

1-22 പത്രപരസ്യം-നിയമാനുസൃത ഡിസ്കൗണ്ട് കുറവ് ചെയ്യാതെ തുക അനുവദിച്ചു

ഗ്രാമപഞ്ചായത്തിലെ ടെണ്ടർ പരസ്യങ്ങൾ വീക്ഷണം ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചതിന് 7,560/- രൂപ തനത്ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പത്രപരസ്യത്തിന്റെ ചെലവിൽ നിന്നും ഡിസ്കൗണ്ട് ഇനത്തിൽ ലഭിക്കേണ്ട 15% കിഴിവ് ഉപയോഗപ്പെടുത്തിയില്ല.
സർക്കാർ വകുപ്പുകളും, അനുബന്ധ സർക്കാർ-അർദ്ധസർക്കാർ വകുപ്പുകളും പി.ആർ.ഡി. മുഖാന്തിരമോ അല്ലാതെ നേരിട്ടോ പ്രസിദ്ധീകരണത്തിന് നൽകുന്ന എല്ലാ പരസ്യങ്ങൾക്കും 15% ഡിസ്കൗണ്ട് ബാധകമാണെന്ന് 11.10.2021-ലെ സ.ഉ.(അച്ചടി)നമ്പർ 5/21/ഐ&പി.ആർ.ഡി. യുടെ ഉത്തരവിൽ വ്യക്തമാക്കിയിട്ടും അർഹമായ കിഴിവ് കുറയ്ക്കാതെ ബിൽതുക അനുവദിച്ച് നൽകിയത് മൂലം തനത്ഫണ്ടിൽ നിന്ന് അധികം തുക ചെലവഴിച്ചു. ചെലവിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

പത്രം/ഇൻവോയിസ് നമ്പർ	ബിൽ/വൗച്ചർ നമ്പർ തീയതി	ബിൽ തുക ജി.എസ്.റ്റി. ഉൾപ്പെടെ(രൂപ)	അനുവദനീയമായ ഡിസ്ക്കൌണ്ട്
വീക്ഷണം/VKS/KLM/2/3874	22400055/27.04.24	3024/-	15%
വീക്ഷണം/VKS/KLM/2/2106	22400055/27.04.24	4536/-	15%
	ആകെ	7560/-	

നിയമാനുസൃതമായ ഡിസ്കൗണ്ട് പ്രയോജനപ്പെടുത്താതെ ബിൽ പ്രകാരമുള്ള മുഴുവൻ തുകയും അനുവദിച്ച് നൽകിയതിന്റെ കാരണം ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ആകെ ബിൽ തുകയിൽ നിന്നും ജി.എസ്.റ്റി. കിഴിച്ചുള്ള തുകയ്ക്ക് ബാധകമായ കിഴിവ് പത്രസ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻകൗയറി നമ്പർ- 12/29.07.25

1-23 ലോഗ് ബുക്ക് പരിപാലനത്തിൽ അപാകത

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെയും (KL61 8317), ഘടക സ്ഥാപനത്തിന് വിട്ടുകിട്ടിയ ആംബുലൻസിന്റെയും ലോഗ് ബുക്ക് പരിശോധിച്ചതിൻ പ്രകാരം ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.
1. വാഹനത്തിന്റെ ഇന്ധന ക്ഷമതാ പരിശോധന നടത്താത്തതിനാൽ ഇന്ധന ഉപഭോഗത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
2. ലോഗ് ബുക്കിന്റെ മാസാന്ത്യ ക്ലോസിംഗ് ക്രമപ്രകാരമല്ല. വാഹനത്തിന്റെ കിലോമീറ്റർ സംബന്ധിക്കുന്ന മാസാദ്യമുള്ള മീറ്റർ റീഡിംഗ്, മാസാവസാനമുള്ള മീറ്റർ റീഡിംഗ്, തൻമാസം നിറച്ച ഇന്ധനത്തിന്റെ അളവ്, തൻമാസം ഓടിയ കിലോമീറ്റർ എന്നിവ മാത്രം രേഖപ്പെടുത്തിയാണ് ലോഗ് ബുക്ക് ക്ലോസ് ചെയ്തിരിക്കുന്നത്. വാഹനത്തിന്റെ ഇന്ധന ക്ഷമതാ പരിശോധന നടത്താത്തതിനാൽ തൻമാസം ഓടിയ കിലോമീറ്ററിന് ചെലവായ ഇന്ധനം സംബന്ധിക്കുന്ന രേഖപ്പെടുത്തലുകൾ മാസാന്ത്യ ക്ലോസിംഗിൽ ഉൾപ്പെടുത്തിയിട്ടില്ല.
മേൽ അപാകതകൾ സംബന്ധിച്ചു ഓഡിറ്റ് എൻകൗയറി നൽകിയെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ വാഹനത്തിന്റെ ഇന്ധനക്ഷമത സമയബന്ധിതമായി നടത്തേണ്ടതും ആയതിൻ പ്രകാരം മാസാദ്യമുള്ള മീറ്റർ റീഡിംഗ്, മാസാവസാനമുള്ള മീറ്റർ റീഡിംഗ്, തൻമാസം നിറച്ച ഇന്ധനത്തിന്റെ അളവ്, തൻമാസം ഓടിയ കിലോമീറ്റർ, തൻമാസം ചെലവായ ഇന്ധനത്തിന്റെ അളവ് എന്നിവ ഉൾപ്പെടുത്തി എല്ലാ മാസവും ലോഗ് ബുക്ക് ക്രമപ്രകാരം ക്ലോസ് ചെയ്യേണ്ടതുമാണ്.
എൻകൗയറി നമ്പർ-27/31.07.2025

1-24 റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത ഇനങ്ങൾ ടെണ്ടർ ഒഴിവാക്കി സിഡ്കോയിൽ നിന്നും വാങ്ങി

പ്രോജക്ടിന്റെ പേരും, നമ്പരും	ഗ്രാമ പഞ്ചായത്തിൽ ലൈബ്രറി സജ്ജീകരിക്കൽ (199/25)
അടങ്കൽ തുക	3,00,000/-രൂപ (തനത് ഫണ്ട്)
ചെലവഴിച്ച തുക	3,00,000/-രൂപ (പെയ്മെന്റ് ഓർഡർ നമ്പർ 62440028300414,15-8-24)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

മേൽ പദ്ധതി പ്രകാരം റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത ഇനങ്ങൾ ടെണ്ടർ നടപടികൾ ഒഴിവാക്കി സിഡ്കോയിൽ നിന്നും വാങ്ങി. സിഡ്കോയിൽ നിന്നും ഇൻവോയിസ് നമ്പർ-SSE KLMP(23-24/436, 26-12-23 പ്രകാരം വാങ്ങിയ താഴെ പറയുന്നവ GO(RT) No.97/2022/SPD Dtd 23.12.23 പ്രകാരം റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെട്ടിട്ടില്ല.

ക്രമ നമ്പർ	**ഇനം**	**എണ്ണം/അളവ്**	**തുക(ജി.എസ്.ടി ഉൾപ്പെടെ) രൂപ**
1	Full Height Gypsum Board Dry Wall Partition With Door	245 Sq.Ft	92,512/-
2	Book Shelf With Glass Shutter	192 Sq.Ft	1,83,514/-
3	Reading Table	1	17,228/-
4	Office Chair	9	13,593/-
5	Office Table	1	10,502/-
		ആകെ	3,17,349/-

മേൽ സർക്കാർ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള ഉൽപന്നങ്ങൾ അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ വാങ്ങുവാൻ പാടുള്ളൂ.
സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 02.04.2019 ലെ ജി.ഒ (ആർ.ടി) നം. 13/19 ഉത്തരവിൽ സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റുമായി റേറ്റ് കോൺട്രാക്റ്റ് ഉള്ള സ്ഥാപനങ്ങൾ സർക്കാർ അംഗീകരിച്ച നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യണമെന്നും, വിതരണം ചെയ്യുന്ന സാധനങ്ങൾ തങ്ങളുടെ സ്ഥാപനത്തിൽ നിർമ്മിച്ചതാണെന്ന സാക്ഷ്യപത്രം നല്കേണ്ടതാണെന്നും, റേറ്റ് കോൺട്രാക്റ്റ് ലിസ്റ്റിലുൾപ്പെടാത്ത ഇനങ്ങൾ ടെൻഡർ നടപടികളിലൂടെ വാങ്ങേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിരക്ക് അംഗീകരിച്ച് നൽകിയിട്ടില്ലാത്ത റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത സാധനങ്ങൾ ടെൻഡർ നടപടികൾ ഒഴിവാക്കി വാങ്ങുകയാണുണ്ടായത്.
ഇത്തരത്തിൽ വാങ്ങൽ നടത്തുവാനുണ്ടായ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. റേറ്റ് കോൺട്രാക്റ്റ് ലിസ്റ്റിലുൾപ്പെടാത്ത ഇനങ്ങൾ വാങ്ങുവാൻ ചെലവഴിച്ച 3,00,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.
എൻകുയറി നം.31/1.8.25
തടസ്സപ്പെടുത്തിയ തുക-3,00,000/-രൂപ

1-25 ആനയടി എഫ്.ഡബ്ളിയൂ.സി നിർമ്മാണം - കരാർ വയ്ക്കുന്നതിലെ കാലതാമസം സംബന്ധിച്ച്

പ്രോജക്ട് - 260/ 25 ആനയടി എഫ്.ഡബ്ളിയൂ.സി നിർമ്മാണം

അടങ്കൽ – 13,87,500/-രൂപ

ചെലവ് – 6,24,688/-രൂപ, ചെക്ക് നം 072626/ 21.10.24

കരാറുകാരൻ : ശ്രീ. സുരേഷ് പിള്ള. ജി

എം.ബുക്ക് നം. 112460/2023–5–11

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് കരാറുകാരനെ തിരഞ്ഞെടുത്തുകൊണ്ടുള്ള അറിയിപ്പ് 24.01.2024-ന് നൽകിയെങ്കിലും കരാറുകാരൻ എഗ്രിമെന്റ് വെച്ചിരിക്കുന്നത് 26.02.2024 ലാണ്. കേരള

പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009.6 പ്രകാരം കരാറുകാരനെ തിരഞ്ഞെടുത്തു കൊണ്ടുള്ള അറിയിപ്പ് ലഭിച്ച് 14 ദിവസത്തിനുള്ളിൽ കരാറുകാരൻ എഗ്രിമെന്റ് വയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം കരാർ തുകയുടെ 1% പിഴയോടു കൂടി (മിനിമം രൂപ 1,000/-, മാക്സിമം രൂപ 25,000/-) അടുത്ത 10 ദിവസം കൂടി അനുവദിക്കാവുന്നതാണ്. പ്രസ്തുത കാലയളവിനുള്ളിലും കരാറുകാരൻ എഗ്രിമെന്റ് വെച്ചില്ലെങ്കിൽ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009.6 പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തിയിൽ അപ്രകാരം ചെയ്തതായി കാണുന്നില്ല. മേൽ അപാകതകയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്, പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഫൈനൽ ബില്ലിൽ നിന്നും പ്രസ്തുത തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കരാറുകാരൻ സമയബന്ധിതമായി എഗ്രിമെന്റ് വെയ്ക്കാത്തതിനുള്ള പിഴ തുക 25,000/-രൂപ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കി വവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നം 08/ 28.07.25

1-26 പഞ്ചായത്ത് കോൺഫറൻസ് ഹാൾ ഫർണീഷിംഗ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് - SO 213/17, SO 42/18 -പഞ്ചായത്ത് കോൺഫറൻസ് ഹാൾ ഫർണിഷിംഗ്

അടങ്കൽ – 9,80,522/-രൂപ (ലോക ബാങ്ക് ധനസഹായം)

ചെലവ് – 2,00,000/- (കേസ് ചെലവുകൾ) ചെക്ക് നം 464083/ 11.02.25

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഭരണാനുമതി : 2/20.04.17

സാങ്കേതികാനുമതി : ഇല്ല

കരാറുകാരൻ : കോസ്റ്റൽ ഫർണീച്ചർ ഇൻഡസ്ട്രീസ്, കടലുണ്ടി

ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 9,80,522/-രൂപ (ലോകബാങ്ക് ധനസഹായം) അടങ്കലിൽ ഏറ്റെടുത്ത് 2017-18 സാമ്പത്തിക വർഷം നടപ്പാക്കിയ പദ്ധതിയാണ് പഞ്ചായത്ത് കോൺഫറൻസ് ഹാൾ ഫർണീഷിംഗ്. സർക്കാർ പൊതു മേഖലാ സ്ഥാപനങ്ങളായ റബ്കോ, സിഡ്കോ എന്നീ സ്ഥാപനങ്ങളിൽ കുറഞ്ഞ നിരക്കിൽ പ്രവൃത്തി ചെയ്യുവാൻ തയ്യാറുള്ള സ്ഥാപനത്തെ കൊണ്ട് പ്രവൃത്തി ചെയ്യിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ടി സ്ഥാപനങ്ങളോട് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ആയതിൻ പ്രകാരം ടി സ്ഥാപനങ്ങൾ എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ചെയ്തു. എന്നാൽ ലോക ബാങ്ക് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പദ്ധതികൾ ടെണ്ടർ നടപടി ക്രമങ്ങളുടെ നടപടികളിലൂടെ മാത്രമെ നടപ്പാക്കാവു എന്ന നിബന്ധന ഉള്ളതിനാൽ റബ്കോ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 10.02.2017-ൽ ടെണ്ടർ ക്ഷണിക്കുകയും റബ്കോയോട് ടെണ്ടറിൽ പങ്കെടുക്കുവാൻ നിർദേശിക്കുകയും ചെയ്തു. എന്നാൽ ടി ടെണ്ടറിൽ റബ്കോ പങ്കെടുക്കാതിരിക്കുകയും കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത കോസ്റ്റൽ ഫർണിച്ചർ ഇൻഡസ്ട്രീസ്, കടലുണ്ടി (10% Below) എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഗ്രാമപഞ്ചായത്തിന്റെ 13.02.2107ലെ 1(3) തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. പദ്ധതി പൂർത്തീകരിക്കുകയും 9,80,533/-രൂപ ആവശ്യപ്പെട്ടു കൊണ്ട് കോസ്റ്റൽ ഫർണീച്ചർ ഇൻഡസ്ട്രീസ് ബിൽ സമർപ്പിക്കുകയും ചെയ്തു. ബില്ലുകളും അനുബന്ധ രേഖകളും പരിശോധിച്ച സെക്രട്ടറി പദ്ധതിയിലെ അപാകതകൾ ചൂണ്ടികാട്ടി ബിൽ തുക നൽകുവാൻ വിസമ്മതിക്കുകയും, സെക്രട്ടറി ചൂണ്ടിക്കാട്ടിയ അപാകതകൾ ബോധ്യപ്പെട്ട പഞ്ചായത്ത് കമ്മിറ്റി അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെയും പൂർത്തീകരിച്ച പ്രവൃത്തിയുടെ വാല്യുവേഷൻ എടുക്കുന്നതിന് എൽ.എസ്.ജി.ഡി അസി. എഞ്ചിനിയറേയും മേലൊപ്പ് വെയ്ക്കുന്നതിന് എൽ.എസ്.ജി.ഡി. അസി. എക്സിക്യൂട്ടീവ് എഞ്ചിനിയറേയും ചുമതലപ്പെടുത്തി. എന്നാൽ പദ്ധതി സംബന്ധിച്ച് എൽ.എസ്.ജി.ഡി സബ് ഡിവിഷൻ ഓഫീസിലോ സെക്ഷൻ ഓഫീസിലോ യാതൊരു രേഖകളും ഇല്ലാത്തതിനാലും മേൽ പ്രവൃത്തി സംബന്ധിച്ച് സാങ്കേതികാനുമതിയോ എൻജിനിയറിംഗ് സെക്ഷന്റെ മേൽനോട്ടമോ ഇല്ലാത്തതിനാലും വാല്യുവേഷൻ എടുക്കുന്നതിനോ ചെക്ക് മെഷർ ചെയ്യുന്നതിനോ സാധ്യമല്ലായെന്ന് അറിയിച്ചു. തുടർന്ന് പൂർത്തീകരിച്ച പ്രവൃത്തിയുടെ തുക നൽകേണ്ടതിനായി പ്രവൃത്തി നടപ്പാക്കുന്നതിന്

അടിസ്ഥാനമായി സ്വീകരിച്ച റബ്കോയുടെ എസ്റ്റിമേറ്റ് പ്രകാരം പണിപൂർത്തീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും മൂല്യനിർണയം നടത്തി മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തി നൽകുന്നതിന് എഞ്ചിനിയറിംഗ് വിഭാഗത്തിന് നിർദേശം നൽകുന്നതിനും അതനുസരിച്ച് ബില്ല് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി തുക കരാറുകാർക്ക് അനുവദിക്കുന്നതിനും അനുമതി ആവശ്യപ്പെട്ട് വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയോട് അഭ്യർത്ഥിക്കുകയും കമ്മിറ്റിയുടെ 05.12.2018ലെ യോഗത്തിലെ 4.61-ഖണ്ഡിക പ്രകാരം മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവൃത്തി നടപ്പാക്കിയ സെക്രട്ടറിയോട് വിശദീകരണം ആരായുന്നതിനും പ്രവൃത്തിയുടെ വാല്യുവേഷൻ എടുത്ത് ബിൽ തുക നൽകുന്നതിന് ബന്ധപ്പെട്ട എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർദ്ദേശിക്കുകയും ചെയ്തു. വാല്യുവേഷൻ നൽകുന്നതിനായി അസി എഞ്ചിനിയർ നടത്തിയ പരിശോധനയിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതിനാലും, ഉപയോഗിച്ച തടികൾ പോളിഷ് ചെയ്തിരിക്കുന്നതിനാലും, എത് തടിയാണെന്ന് മനസിലാക്കുവാൻ സാധിക്കുന്നില്ലായെന്നും തടിയുടെ ഗുണമേന്മ പരിശോധിക്കുവാൻ തങ്ങളുടെ ഓഫീസിൽ സംവിധാനം ഇല്ലായെന്നും അറിയിച്ചു. തടിയുടെ ഗുണമേന്മ സംബന്ധിച്ച് കൃത്യമായ സർട്ടിഫിക്കറ്റ് ലഭിച്ചാൽ മാത്രമേ പ്രസ്തുത പ്രവൃത്തിയുടെ വാല്യുവേഷൻ നൽകുവാൻ സാധിക്കുകയുള്ളുവെന്നും അസി. എഞ്ചിനിയർ അറിയിച്ചു. തുടർന്ന് കരുനാഗപ്പള്ളി ഐ.എച്ച്.ആർ.ഡി എഞ്ചിനിയറിംഗ് കോളേജ് തടിയുടെ ക്വാളിറ്റി പരിശോധിക്കുകയും ഒരു രാസപ്രക്രിയയും സംസ്കരണവും നടത്താത്ത തടിയാണ് പാനലിംഗിന് ഉപയോഗിച്ചിട്ടുള്ളതെന്നും, ആയത് പാനലിംഗിന് യോജിച്ചതല്ലെന്നും, പല ഭാഗങ്ങളിലും പൊട്ടലുകൾ കാണപ്പെടുന്നുവെന്നും, രാസപ്രക്രിയ നടത്താത്തതിനാൽ പല ഭാഗത്തും പൂപ്പൽ പിടിച്ചിട്ടുണ്ടെന്നും, തടിയുടെ സംസ്കരണം ശരിയായ രീതിയിൽ നടത്തിയിട്ടില്ലാത്തതിനാൽ പാനലിംഗ് പലകകൾ ഭിത്തിയിൽ നിന്നും പിടുത്തം നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ടെന്ന് റിപ്പോർട്ട് നൽകി. ടി വിവരങ്ങളും കരാർ ഉടമ്പടിയുടെ ലംഘനം സംബന്ധിച്ചും 07.05.2018-ന് കോസ്റ്റൽ ഫർണീച്ചർ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് കത്ത് നൽകിയെങ്കിലും സ്ഥാപനം മറുപടി നൽകിയില്ല. ബിൽ തുക നൽകാത്തതിനാൽ കോസ്റ്റൽ ഫർണീച്ചർ ഇൻഡസ്ട്രീസ് ബഹു. കേരളാ മൈക്രോ ആൻഡ് സ്മാൾ എന്റെർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ മുമ്പാകെ പരാതി സമർപ്പിക്കുകയും (ഓ.എ. 64/2018) മേൽ പരാതിയിന്മേൽ 9,80,522/- രൂപയും റിസർവ്വ് ബാങ്ക് നോട്ടിഫൈ ചെയ്ത ബാങ്ക് റേറ്റിന്റെ മൂന്ന് ഇരട്ടി തുക കോമ്പൗണ്ട് ഇന്ററസ്റ്റായി അപേക്ഷകന് അനുവദിച്ച് 10.11.2020-ന് ഉത്തരവായിട്ടുമുണ്ട്. തുടർന്ന് വിധി നടപ്പിലാക്കുന്നതിനായി അപേക്ഷകൻ ബഹു. അഡീഷണൽ ജില്ലാ കോടതി V മുമ്പാകെ കേസ് ഫയൽ ചെയ്യുകയും (EA 26/2022) തുക ഈടാക്കുന്നതിനായി പഞ്ചായത്ത് അധീനതയിലുള്ള വാഹനം (KL-61-8317 -മഹീന്ദ്ര ബലേറോ) അറ്റാച്ച് ചെയ്യുവാൻ 11.12.24-ൽ ഉത്തരവിടുകയും ചെയ്തു. എന്നാൽ മേൽ ഉത്തരവിന് സ്റ്റേ ആവശ്യപ്പെട്ടു കൊണ്ട് സെക്രട്ടറി ബഹു. ഹൈക്കോടതിയിൽ OP (C) No 2907 OF 2024 ഫയൽ ചെയ്യുകയും 21.03.2024 വരെ മേൽ നടപടികൾ സ്റ്റേ ചെയ്യുകയും ചെയ്തു. സ്റ്റേ നീട്ടി വെയ്ക്കുന്നതിന്റെ ഭാഗമായി ചെക്ക് നം 464083/11.02.25 പ്രകാരം 2,00,000/-രൂപ കോടതിയിൽ കെട്ടിവെയ്ക്കുകയും ചെയ്തു.

മേൽ പദ്ധതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രോജക്ട് പ്രകാരം അടങ്കൽ തുക 9,80,522/-രൂപ (ലോകബാങ്ക് ധനസഹായം) ആണ്. എന്നാൽ ടെണ്ടറിൽ അടങ്കൽ തുക 10,89,483/-രൂപ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

2. പദ്ധതിയുടെ എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി അസി. എൻജിനിയർ തയ്യാറാക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

3. പദ്ധതിക്ക് സാങ്കേതികാനുമതി ഇല്ല.

4. ബിൽ തയ്യാറാക്കിയിരിക്കുന്നത് കരാറുകാരനാണ്. എൽ.എസ്.ജി.ഡി എൻജിനിയർ വാല്യുവേഷൻ എടുക്കുകയോ, ബന്ധപ്പെട്ട അധികാരി ചെക്ക് മെഷർ ചെയ്യുകയോ ചെയ്തിട്ടില്ല.

5. മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 03.03.2017 ന് കരാറുകാരനും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും തമ്മിൽ ഒപ്പ് വെച്ച കരാർ നിബന്ധന 7 പ്രകാരം പ്രവൃത്തി പൂർത്തിയാക്കി അസി. എൻജിനിയർ അവസാനത്തെ അളവുകളെടുത്ത് രേഖപ്പെടുത്തുന്ന ദിവസമാണ് പ്രവൃത്തി പൂർത്തിയാക്കിയ ദിവസമായി കണക്കാക്കുകയെന്നും പ്രസ്തുത തീയതി മുതൽ G.O MS. No 73/2013/PWD/Dated 31.08.2013 പ്രകാരം ഗ്യാരന്റി പീരിയിഡായി കണക്കാക്കുന്നതും പ്രസ്തുത പീരിയിഡിനുള്ളിൽ സംഭവിക്കുന്ന എല്ലാ തകരാറുകളും സ്വന്തം ചെലവിൽ പരിഹരിക്കുന്നതിന് കരാറുകാരന് പൂർണ്ണ

ഉത്തരവദിത്വം ഉണ്ടായിരിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ കരുനാഗപ്പള്ളി ഐ.എച്ച്.ആർ.ഡി എൻജിനിയറിംഗ് കോളേജ് ഹാജരാക്കിയ വുഡ് ക്വാളിറ്റി സർട്ടിഫിക്കറ്റ് പ്രകാരമുള്ള അപാകതകൾ നാളിതുവരെയായി കരാറുകാരൻ പരിഹരിച്ചിട്ടില്ല.

6. പ്രവൃത്തിയുടെ ഗുണമേന്മ ഇല്ലായ്മയെകുറിച്ച് കേരളാ മൈക്രോ ആൻഡ് സ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിലിനെ സമയബന്ധിതമായി ബോധ്യപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്കോ അധികാരികൾക്കോ കഴിഞ്ഞില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽ അപാകതകൾ സംബന്ധിച്ച് ഒരു കൗണ്ടർ അഫിഡവിറ്റ് കോടതിയിൽ ഫയൽ ചെയ്ത് പദ്ധതി സംബന്ധിക്കുന്ന വസ്തുനിഷ്ഠമായ വിവരങ്ങൾ ബഹുമാനപ്പെട്ട കോടതിയെ ബോധ്യപ്പെടുത്തി പഞ്ചായത്തിനുണ്ടായ നഷ്ടം കരാർ സ്ഥാപനത്തിൽ നിന്നും ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നം 28/31.07.25.

1-27 കൊന്നക്കോട്ട് ക്ഷേത്രം പള്ളിക്കലാർ ഡാം-അമ്മച്ചിമുക്ക് -കണ്ണമംറോഡ് മെയിന്റനൻസ് -Defect Liability Period കുറവായി രേഖപ്പെടുത്തി.

പ്രോജക്ട് - 144/25- കൊന്നക്കോട്ട് ക്ഷേത്രം പള്ളിക്കലാർ ഡാം -അമ്മച്ചിമുക്ക് -കണ്ണമം

റോഡ് മെയിന്റനൻസ് - വാർഡ് -5

അടങ്കൽ – 7,11,776/-രൂപ (മെയിന്റനൻസ് ഗ്രാന്റ് -റോഡ്)

ചെലവ് – 7,11,372/-രൂപ

കരാറുകാരൻ - ശ്രീ. ഫൈസൽ എം (PAC 603200/-)

കരാർ 46/AE/LID & EW/SN/23-24/05.02.24

ചീഫ് എൻജിനിയറുടെ 04.07.2022-ലെ DB3/5215/2013/CE/LSGD സർക്കുലർ പ്രകാരം ഇന്റർലോക്ക് റോഡുകൾക്ക് Defect Liability Period 5 വർഷത്തിൽ കുറയാത്ത രീതിയിൽ ടെണ്ടർ നിബന്ധനകളിൽ ഉൾപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ മേൽ പ്രവൃത്തിയുടെ കരാർ പരിശോധിച്ചതിൽ Defect Liability Period 1 വർഷമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്, Defect Liability Period ആയ 5 വർഷം കരാറുകാരന്റെ സെക്യൂരിറ്റി ഓഫീസിൽ സൂക്ഷിക്കുന്നതാണെന്നും Defect Liability Period കഴിയുന്ന മുറയ്ക്ക് മാത്രമെ സെക്യൂരിറ്റി റിലീസ് ചെയ്യുകയുള്ളുവെന്നും അറിയിച്ചിട്ടുണ്ട്. Defect Liability Period സബന്ധിച്ച് പുതുക്കിയ കരാർ ചമച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നം 10/ 28.07.25

1-28 ജനകീയ ഹോട്ടൽ അടിസ്ഥാനസൗകര്യം - അനുവദനീയമല്ലാത്ത ഇനത്തിന് തുക നൽകി

പദ്ധതി- 82/ 25 - ജനകീയ ഹോട്ടൽ അടിസ്ഥാനസൗകര്യം

അടങ്കൽ – 80,000/-രൂപ (വികസന ഫണ്ട് - ജനറൽ)

ചെലവ് – 78,549/-രൂപ, ബിൽ നം 13/ 24-25/ 27.12.24

അസി. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ജനകീയ ഹോട്ടലിന് ഗ്യാസ് വാങ്ങിയ ഇനത്തിൽ 10936/-രൂപ, PRIYAGANESH INDANE SERVICES എന്ന സ്ഥാപനത്തിന് നൽകിയതായി കാണുന്നു. തദ്ദേശ ഭരണസ്ഥാപനങ്ങൾ 2020 –21 വാർഷിക പദ്ധതി, വിശപ്പു രഹിത കേരളം -ജനകീയ ഹോട്ടൽ മാർഗ്ഗരേഖയിൽ ഗ്യാസ് ഇനത്തിൽ ചെലവു ചെയ്യുവാൻ വ്യവസ്ഥയില്ലാത്തതിനാൽ ഈയിനത്തിൽ 10,936/-രൂപ ചെലവഴിച്ചത് മാർഗ്ഗരേഖാ വിരുദ്ധമാണ്. മേൽ വിഷയം സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകൃയറിക്ക് ഗ്രാമപഞ്ചായത്തിലെ മറ്റ് കുടുംബശ്രീ യൂണിറ്റുകൾ സംരംഭം ഏറ്റെടുക്കാൻ വിമുഖത കാണിച്ച സാഹചര്യത്തിൽ സേവറി കാറ്ററിംഗ് യൂണിറ്റ് മാത്രമാണ് പദ്ധതി ഏറ്റെടുക്കാൻ സന്നദ്ധത കാണിച്ചതെന്നും ജനകീയ ഹോട്ടൽ വഴി സംരംഭക ഗ്രൂപ്പിന്

നാമമാത്രമായ വരുമാനം മാത്രമാണ് ലഭിക്കുന്നതെന്നും ആയത് അവരുടെ ജീവനോപാധിക്ക് തികയുകയില്ലായെന്നും, ആയതിനാലാണ് തുടക്കത്തിൽ ആദ്യവർഷമെന്ന നിലയിൽ ഗ്യാസ് ചെലവുകൾ നൽകിയതെന്നും തുടർന്നുള്ള വർഷങ്ങളിൽ ടി ചെലവ് ഒഴിവാക്കുന്നതാണെന്നും മറുപടി ഹാജരാക്കിയിട്ടുണ്ട്. ജനകീയ ഹോട്ടലുകൾ പോലുള്ള സംരംഭങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിലെ അശരണർക്ക് തുണയാകുമെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കുന്നു. തുടർന്നുള്ള വർഷങ്ങളിൽ ഈയിനത്തിലുള്ള ചെലവ് ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നമ്പർ 19/ 30.07.25

1-29 കുടുംബശ്രീ വനിതാ ഗ്രൂപ്പ് വാദ്യമേളം - പദ്ധതി പൂർത്തീകരിച്ചില്ല.

പ്രോജക്ട് - SO 106/25 കുടുംബശ്രീ വനിതാ ഗ്രൂപ്പ് വാദ്യമേളം- എസ്.സി.പി

അടങ്കൽ – 3,50,000/-രൂപ (വികസന ഫണ്ട് -എസ്.സി.പി)

ചെലവ് – 2,45,100/-രൂപ, ബിൽ നം 20/24-25/25.03.25 - അസി. സെക്രട്ടറി

മേൽ പദ്ധതി പ്രകാരം ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 15 പേരടങ്ങുന്ന കുടുംബശ്രീ അംഗങ്ങളായ 18-നും, 55-നും ഇടയിൽ പ്രായമുള്ള പട്ടികജാതി വനിതകൾക്കോ/ഗ്രൂപ്പിനോ രണ്ട് മാസം വാദ്യമേളം പരിശീലനം നൽകി ഒരു വാദ്യമേളഗ്രൂപ്പ് സ്ഥാപിക്കുവാനായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നത്. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വാദ്യോപകരണങ്ങൾ RELEVANT Musicals & Sports Sasthamcotta എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ മുഖേന വാങ്ങിയിട്ടുണ്ട്.

ഇനം	എണ്ണം
കൊട്ട് ചെണ്ട	6
വീക്ക് ചെണ്ട	6
ഇലത്താളം	3
യൂണിഫോം	15

മേൽ പദ്ധതി സംബന്ധിച്ച് ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പദ്ധതിയുടെ നടത്തിപ്പിനായി കുടുംബശ്രീ വനിതാ ഗ്രൂപ്പിനെ തിരഞ്ഞെടുത്തതായി രേഖകളില്ല.

2. വാങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടില്ല.

3. വാദ്യമേളം പരിശീലനം നൽകിയിട്ടില്ല.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്, വാർഡ് 15- ലെ കുടുംബശ്രീ അംഗങ്ങളെ ചേർത്ത് രൂപികരിച്ച സംരംഭക ഗ്രൂപ്പിന് 90 മണിക്കൂർ പരിശീലനം വിജയകരമായി പൂർത്തീകരിച്ചതിനു ശേഷമേ വാദ്യോപകരണങ്ങൾ വിതരണം ചെയ്യുകയുള്ളുവെന്നും പരിശീലനം 2025 ആഗസ്റ്റിൽ പൂർത്തിയാകുമെന്നും ആയതിനു ശേഷം വാദ്യോപകരണങ്ങൾ കൈമാറുന്നതാണെന്നും പദ്ധതി 2025 –26 വർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം ഗ്രൂപ്പുകൾക്ക് പരിശീലനം നൽകി വാദ്യോപകരണങ്ങൾ വിതരണം ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നമ്പർ- 20/30.07.25

1-30 ഹൈസ്കൂൾ ജം - പാതിരിക്കൽ റോഡ് ഇന്റർലോക്ക് - ഓപ്പൺ സ്റ്റേഡിയം നിർമ്മാണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് - 58/25 ഹൈസ്കൂൾ ജംഗ്ഷൻ -പാതിരിക്കൽ റോഡ് ഇന്റർലോക്ക് -ഓപ്പൺ സ്റ്റേഡിയം നിർമ്മാണം

അടങ്കൽ – 10,00,000/-രൂപ, (തനത് ഫണ്ട്)

ചെലവ് – 6,30,265/-രൂപ

കരാറുകാരൻ: ശ്രീ ഡിനിക്കുട്ടി (PAC 7,45,299/-)

കരാർ- 16/AE/LID & EW/SN/24-25/06.12.24

മേൽ പദ്ധതി സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 26.12.2024 ൽ സ്ഥലം ഏറ്റെടുത്തെങ്കിലും നാളിതുവരെയായി പണി പൂർത്തീകരിച്ചിട്ടില്ല.

(പൂർത്തീകരണ കാലാവധി 3 മാസം)

2. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടില്ല.

3. ചീഫ് എൻജിനിയറുടെ 04.07.2022-ലെ DB3/5215/2013/CE/LSGD സർക്കുലർ പ്രകാരം ഇന്റർലോക്ക് റോഡുകൾക്ക് Defect Liability Period 5 വർഷത്തിൽ കുറയാത്ത രീതിയിൽ ടെണ്ടർ നിബന്ധനകളിൽ ഉൾപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ മേൽ പ്രവൃത്തിയുടെ കരാർ പരിശോധിച്ചതിൽ Defect Liability Period 1 വർഷമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്, പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ടെന്നും Defect Liability Period സംബന്ധിച്ച് കരാറുകാരനെ അറിയിച്ചിട്ടുണ്ടെന്നും ഫൈനൽ ബില്ലിൽ നിന്നും പി.ഡബ്ളിയു.ഡി മാനുവൽ പ്രകാരമുള്ള ഫൈൻ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. Defect Liability Period സംബന്ധിച്ച് പുതുക്കിയ കരാർ വയ്ക്കേണ്ടതും പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ഫൈൻ ഈടാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻകൃയറി നം. 04/25.07.25

1-31 ആട് വളർത്തൽ പദ്ധതി-ഗുണഭോക്താക്കൾ പരസ്പരം ആടുകളെ കൈമാറുന്നു-പ്രോജക്ട് ലക്ഷ്യം നിറവേറ്റപ്പെടുന്നില്ല.

നിർവ്വഹണം	വെറ്റിനറി സർജൻ
പ്രോജക്ട് നം., പേര്	32/25, ആട് വളർത്തൽ, എസ്.സി.പി.
അടങ്കൽ	1,62,000/-രൂപ, വികസനഫണ്ട് എസ്.സി.പി. 54,000/-രൂപ, മറ്റുള്ളവ
ചെലവ്, ചെക്ക് നമ്പർ/ ബിൽ നം.	54,000/-രൂപ വികസനഫണ്ട്, എസ്.സി.പി., 15/29.03.25 18,000/- രൂപ, ഗുണഭോക്തൃവിഹിതം, 481425/29.03.25(15000/-) 481424/29.03.25(3000/-)

ക്ഷീരോത്പാദക രംഗത്ത് ഗ്രാമപഞ്ചായത്ത് സ്വയംപര്യാപ്തത നേടുന്നതിനായി വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ ആട് വളർത്തൽ പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഗുണഭോക്താവും വിൽപ്പനക്കാരനും ശൂരനാട്വടക്ക് ഗ്രാമപഞ്ചായത്തിലെ തന്നെ താമസക്കാരാണെന്നും അവർ പരസ്പരം ആടുകളെ കൈമാറുകയാണ് ചെയ്തിട്ടുള്ളതെന്നും കാണുന്നു. ശ്രീമതി ശാലിനി കെ., അയണിവിള ഇടപ്പുര, പടിഞ്ഞാറ്റം കിഴക്ക് (വാർഡ് 11) എന്ന ഗുണഭോക്താവ്, ശ്രീമതി സിന്ധു സുരേഷ്, ആര്യഞ്ജലി, പടിഞ്ഞാറ്റം കിഴക്ക് (വാർഡ് 12) എന്ന വ്യക്തിയിൽ നിന്നു് ആടിനെ വാങ്ങുകയും തുക ശ്രീമതി സിന്ധു സുരേഷിന്റെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ശ്രീമതി സിന്ധു സുരേഷ്, ശ്രീമതി ശാലിനിയുടെ കൈയിൽ നിന്നും ആടിനെ വാങ്ങുകയും തുക ശ്രീമതി ശാലിനി കെ.യുടെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തു. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അധ്യക്ഷയായും വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്നും 5 പേർ അംഗങ്ങളായിട്ടുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടതെന്നും സബ്സിഡി മാർഗ്ഗരേഖ ഖ. 33 ൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കപ്പെടുന്നില്ല. അപാകത ചൂണ്ടിക്കാണിച്ചു നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മൃഗാശുപത്രിയിലെ തിരക്കും, സ്റ്റാഫിന്റെ കുറവും മൂലം അപാകത ശ്രദ്ധയിൽപെട്ടില്ലെന്ന് മറുപടി നൽകിയിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണത്തിലൂടെ പ്രാദേശിക വികസനം ലക്ഷ്യം വെച്ച് പദ്ധതികൾ നടപ്പാക്കുമ്പോൾ ആയത് പ്രാദേശിക മേഖലയ്ക്ക് ഉണർവേകും വിധം നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ പദ്ധതിയുടെ ലക്ഷ്യം ഗ്രാമപഞ്ചായത്ത് പരിധിയിലെ ക്ഷീരോത്പാദക വർദ്ധനവ് ആയതിനാൽ ഉരുക്കളെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നോ കുറഞ്ഞപക്ഷം സമീപ പ്രദേശത്തുള്ള ഗ്രാമപഞ്ചായത്തുകളിൽ നിന്നോ വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഭാവിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോഴും നടപ്പിലാക്കുമ്പോഴും പദ്ധതി ലക്ഷ്യം പൂർണമായും ഉൾക്കൊള്ളുവാൻ നിർവഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നം. 18/30.07.25

1-32 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ-ചെലവ് രേഖകൾ ഹാജരാക്കിയില്ല

പഞ്ചായത്തിലെ 18 വാർഡുകളിലെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി വൌച്ചർ നമ്പർ 22400142/31.05.24 പ്രകാരം 1,80,000/-രൂപ വാർഡ് തല ശുചിത്വ സമിതിയ്ക്ക് വാർഡ് ഒന്നിന് 10,000/- രൂപ നിരക്കിൽ തനത് ഫണ്ട് ചെക്ക് നമ്പർ 080195 മുഖേന കൈമാറിയിട്ടുണ്ട്. എന്നാൽ 18 വാർഡുകളിലെയും ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ഹാജരാക്കുന്നതുവരെ മേൽ പ്രകാരമുള്ള ചെലവ് 1,80,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് എൻകൃയറി നമ്പർ 12/29.07.25

1-33 വാഹന വാടക -കൃട്ടേഷൻ രേഖകൾ ഹാജരാക്കിയില്ല

പഞ്ചായത്തിനു സ്വന്തമായി ഇലക്ട്രിക് വാഹനമുണ്ടായിട്ടും വിവിധ വാർഡുകളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള എം.സി.എഫിലേക്ക് നീക്കം ചെയ്യുന്നതിനായി വാഹന വാടകയിനത്തിൽ തൻവർഷം 65,650/-രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

തുക അനുവദിക്കപ്പെട്ട വ്യക്തിയുടെ പേരു വിവരങ്ങൾ	വൌച്ചർ നമ്പർ/ തീയതി	അനുവദിച്ച തുക ₹
ശ്രീ.മോഹനകുമാരൻ നായർ	42400193/19.06.2024	2,800/-
ശ്രീ.മോഹനകുമാരൻ നായർ	42400196/19.06.24	9,600/-
ശ്രീ.മോഹനകുമാരൻ നായർ	42400568/12.09.2024	12,400/-
ശ്രീ.മോഹനകുമാരൻ നായർ	42400774/11.11.2024	7,200/-
ശ്രീ.മോഹനകുമാരൻ നായർ	42400996/18.01.25	4,025/-
ശ്രീ.വിജിത്ത് വി.	42401135/05.03.25	2,625/-
ശ്രീ.മോഹനകുമാരൻ നായർ	42401153/11.03.2025	15,000/-
ശ്രീ.മോഹനകുമാരൻ നായർ	42401229/28.03.2025	12,000/-

വൌച്ചർ പരിശോധിച്ചതിൻ പ്രകാരം ശ്രീ.മോഹനകുമാരൻ നായർ എന്ന വ്യക്തിയുടെ കെ.എൽ. 61 ബി. 8919 എന്ന പിക്ക്അപ് വാഹനത്തിൽ വിവിധ വാർഡുകളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ എം.സി.എഫിൽ എത്തിക്കുന്നതിന് ഒരു ട്രിപ്പിന് 400/-രൂപ നിരക്കിലാണ് തുക അനുവദിച്ചിരിക്കുന്നത്. 6-ാം മാസത്തെ ട്രിപ്പ് ഷീറ്റ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

തീയതി	ട്രിപ്പ് വിവരങ്ങൾ	മീറ്റർ റീഡിംഗ്	ഓടിയ ദൂരം	അനുവദിച്ച തുക₹
14.06.24	14-ാം വാർഡിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം എം.സി.എഫിലേക്ക് എത്തിച്ചു.	69104-69114	10കി.മീ.	400/-
14.06.24	12-ാം വാർഡിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം എം.സി.എഫിലേക്ക് എത്തിച്ചു.	69119-69131	12കി.മീ.	400/-
14.06.24	12-ാം വാർഡിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം എം.സി.എഫിലേക്ക് എത്തിച്ചു.	69134-69146	12കി.മീ.	400/-
14.06.24	110-ാം വാർഡിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം എം.സി.എഫിലേക്ക് എത്തിച്ചു.	69151-69164	13കി.മീ.	400/-
14.06.24	10-ാം വാർഡിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം എം.സി.എഫിലേക്ക് എത്തിച്ചു.	69167-69181	14കി.മീ	400/-
14.06.24	16വാർഡിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം എം.സി.എഫിലേക്ക് എത്തിച്ചു	69185-69198	10കി.മീ	400/-
14.06.24	7, 10 എന്നീവാർഡുകളിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം	69201-69211	10കി.മീ	400/-

	എം.സി.എഫിലേക്ക് എത്തിച്ചു.			
15.06.24	16, 17, 15 വാർഡുകളിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം എം.സി.എഫിലേക്ക് എത്തിച്ചു.	69243-69296	53 കി.മീ.	2,000/-
16.06.24	15, 13, 12 വാർഡുകളിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം എം.സി.എഫിലേക്ക് എത്തിച്ചു.	69312-69367	55 കി.മീ	1,600/-
16.06.24	12, 5, 7 വാർഡുകളിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം എം.സി.എഫിലേക്ക് എത്തിച്ചു.	69391-69432	41കി.മീ	1,600/-
17.06.24	2,3 വാർഡുകളിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം എം.സി.എഫിലേക്ക് എത്തിച്ചു.	69450-69480	30കി.മീ	1,600/-
17.06.24	4,6 വാർഡുകളിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം എം.സി.എഫിലേക്ക് എത്തിച്ചു.	69508-69560	52കി.മീ	1,600/-
18.06.24	1,14 വാർഡുകളിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം എം.സി.എഫിലേക്ക് എത്തിച്ചു.	69581-69502	21കി.മീ	1,200/-

മിക്ക ദിവസങ്ങളിലും വളരെ ചുരുങ്ങിയ ദൂരം ഓടിയതിനും ട്രിപ്പൊന്നിന് 400/-രൂപ നിരക്കിൽ തുക ശ്രീ.മോഹനകുമാരൻ നായർക്ക് അനുവദിച്ചിട്ടുണ്ട്. ശ്രീ.വിജിത്ത് വി.യ്ക്ക് കെ.എൽ 05 എ.വി.2249 നമ്പർ വാഹനം വാടകയ്ക്ക് ഓടിയതിന് 23.01.25 ൽ ഹാജരാക്കിയ ട്രിപ്പ് ഷീറ്റ് പ്രകാരം 75 കി.മീറ്ററിന്(46365-46440) 35/-രൂപ നിരക്കിൽ 2,625/-രൂപ (വൌ.നം.42401135/05.03.25) അനുവദിച്ചിട്ടുണ്ട്. ഇലക്ട്രിക് വാഹനം ഉപയോഗിക്കാതെ വാഹനം വാടകയ്ക്ക് എടുത്തതിന് വിശദീകരണം ആവശ്യപ്പെട്ടും, കാട്ടേഷൻ സംബന്ധിച്ച് രേഖകൾ ഹാജരാക്കുന്നതിലേക്കുമായി നൽകിയ എൻകയറിക്ക് വിവിധ വാർഡുകളിലെ പ്ലാസ്റ്റിക് മാലിന്യം എം.സി.എഫിലേക്ക് എത്തിച്ചിരുന്നത് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഇലക്ട്രിക് ആപ്പെയിലായിരുന്നുവെന്നും, 12.12.2022 ന് വാഹനം ആക്സിഡന്റാവുകയും ഹരിത കർമ്മസേനാംഗത്തിന് പരിക്കേൽക്കുകയും ചെയ്തിരുന്നുവെന്നും, വാഹനം റിപ്പയർ ചെയ്ത് കിട്ടാൻ കാലതാമസം ഉണ്ടായതിനാലും മിനി എം.സി.എഫിൽ വൻതോതിൽ പ്ലാസ്റ്റിക് മാലിന്യം കെട്ടികിടന്നതിനാലും ജനങ്ങളുടെ പരാതിയെ തുടർന്നുമുള്ള അടിയന്തിര സാഹചര്യത്തിലാണ് വാഹനം വാടകയ്ക്ക് എടുക്കേണ്ടി വന്നത് എന്നും, വാഹനം റിപ്പയർ ചെയ്ത് കിട്ടിയതിനു ശേഷം മാലിന്യനീക്കത്തിന് ഇലക്ട്രിക് വാഹനം ഉപയോഗിച്ചു വരികയായിരുന്നു എന്നാൽ ബാറ്ററി തകരാറിലായതിനാൽ തൻവർഷത്തേക്കും വാഹനം വാടകയ്ക്ക് ഉപയോഗിക്കുകയായിരുന്നു എന്നും മറുപടി നൽകി. എന്നാൽ വാഹനം വാടകയ്ക്ക് എടുത്തതു സംബന്ധിച്ച് കാട്ടേഷൻ രേഖകൾ ഹാജരാക്കുകയോ മറുപടിയിൽ ഈ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇലക്ട്രിക് വാഹനത്തിന്റെ ബാറ്ററി തകരാർ പരിഹരിച്ച് വാഹനം ഉപയോഗക്ഷമമാക്കേണ്ടതും പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനും എം.സി.എഫിൽ എത്തിക്കുന്നതിന് വാഹനം പ്രയോജനപ്പെടുത്തി വിവരം അറിയിക്കേണ്ടതുമാണ്. കാട്ടേഷൻ ക്ഷണിക്കാതെ വാഹനം വാടകയ്ക്ക് എടുത്തതിനും മേൽ പ്രകാരം തുക അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നമ്പർ-11/01.08.25

1-34 ജനറൽ കമ്മിറ്റി മിനിട്സ്- സമയബന്ധിതമായി അംഗീകാരം നൽകുന്നില്ല.

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ, ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നു ദിവസത്തിനകം സെക്രട്ടറി മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്തിൽ സമയപരിധി പാലിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ	യോഗ	സെക്രട്ടറി	അദ്ധ്യക്ഷൻ

നം	തീയതി	അംഗീകാരത്തിനായി അയച്ച തീയതി	അംഗീകരിച്ച തീയതി
1	06.04.24	27.05.24	27.05.24
2	12.04.24	13.05.24	13.05.24
3.	19.04.24	13.05.24	13.05.24
4.	15.05.24	10.07.24	10.07.24
5.	30.05.24	10.07.24	10.07.24
6.	11.06.24	21.06.24	21.06.24
7.	23.05.24	10.07.24	10.07.24
8.	14.06.24	10.7.24	10.07.24
9.	22.06.24	10.07.24	10.07.24
10.	19.08.24	07.11.24	07.11.24
11	10.09.24	2.11.24	2.11.24
12	07.10.25	05.11.24	05.1124
13.	19.07.24	23.10.24	23.10.24
14.	25.10.24	05.12.24	05.12.24
15.	08.08.24	28.02.24	28.02.24
16	15.11.24	21.11.24	21.11.24
17	13.11.24	04.12.24	04.12.24
18	23.12.24	22.02.25	22.02.25
19	10.12.24	04.03.25	04.03.25
20	27.11.24	06.05.25	06.05.25
21	30.12.24	13.05.25	13.05.25
22	07.01.25	04.03.25	04.03.25
23	18.01.25	20.07.25	20.07.25
24	01.02.25	06.03.25	06.03.25
25	10.02.25	06.03.25	06.03.25
26	13.02.25	22.05.25	22.05.25
27	13.03.25	29.03.25	29.03.25
28	07.03.25	29.03.25	29.03.25
29	25.02.25	31.03.25	31.03.25
30	17.03.25	04.04.25	04.04.25
31	20.03.25	09.05.25	09.05.25
32	20.03.25	10.05.25	10.05.25
33.	25.03.25	07.07.25	07.07.25
34	29.03.25	13.06.25	13.06.25

മേൽ വിഷയം സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ, ചട്ടം 26(8) അനുശാസിക്കും വിധം സമയബന്ധിതമായി മിനിട്സ് അംഗീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നമ്പർ 05/25.07.25

1-35 തെരുവ് വിളക്ക് പരിപാലനം- അപാകതകൾ

പ്രോജക്ടിന്റെ പേരും നമ്പരും	തെരുവ് വിളക്ക് പരിപാലനം ഉപകരണങ്ങൾ വാങ്ങൽ (64/25)
അടങ്കൽ തുക	4,99,000/-രൂപ (2,95,000/-ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 2,04,000/-തനത് ഫണ്ട്)
ചെലവഴിച്ച തുക	4,55,344/-രൂപ (2,95,000/-ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 1,60,344/--തനത് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി 2024-25 സാമ്പത്തിക വർഷം തെരുവ് വിളക്ക് ഉപകരണങ്ങൾ (LED Bulb(12W), Insulation Tape, Cable, Pendant Holder, Shaded Aluminium) വാങ്ങിയ ഇനത്തിൽ 4,55,344/-രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.
A) തെരുവ് വിളക്ക് ഉപകരണങ്ങൾ ഏഷ്യൻ മാർക്കറ്റിംഗ് ഏജൻസിയിൽ നിന്ന് ടെണ്ടർ നടപടിയിലൂടെ വാങ്ങി. LED Bulb(12W), Insulation Tape, Cable എന്നിവയ്ക്ക് കുറഞ്ഞ നിരക്ക് കാട്ട് ചെയ്തത് ഏഷ്യൻ മാർക്കറ്റിംഗ് ഏജൻസി ആണ്. എന്നാൽ രണ്ട് ഇനങ്ങൾക്ക് Pendant Holder(11/-രൂപ, 14/-രൂപ), Shaded Aluminium(28/-രൂപ) കുറഞ്ഞ നിരക്ക് കാട്ട് ചെയ്ത KM ഏജൻസിയുടെ നിരക്കിൽ നെഗോഷിയേറ്റ് ചെയ്യാതെയാണ് ഏഷ്യൻ മാർക്കറ്റിംഗ് ഏജൻസിയിൽ നിന്ന് Pendant Holder(16/-രൂപ), Shaded Aluminium(28.5/-രൂപ) എന്നിവ വാങ്ങിയത്. കൂടാതെ ഏഷ്യൻ മാർക്കറ്റിംഗ് ഏജൻസി Pendant Holder ന് രണ്ട് നിരക്ക് (13/-രൂപ, 16/-രൂപ) കാട്ട് ചെയ്തിരുന്നു. ആയതിൽ ഉയർന്ന നിരക്കിലാണ് (16/-രൂപ) വാങ്ങിയത്. സ്റ്റോർ പർച്ചേസ് മാന്വൽ ഖ. 9.18(ii) പ്രകാരം കുറഞ്ഞ നിരക്ക് സ്വീകാര്യമല്ലാത്ത സംഗതികളിൽ ആയതിനുള്ള കാരണം രേഖപ്പെടുത്തേണ്ടതും ഖ. 9.18(iv) പ്രകാരം ഓഫറുകൾ തെരഞ്ഞെടുക്കുമ്പോൾ ഓരോ ഇനത്തിന്റെയും കുറഞ്ഞ നിരക്ക് കണക്കിലെടുക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊക്യുർമെന്റ് മാന്വൽ, സ്റ്റോർ പർച്ചേസ് നിയമങ്ങൾ എന്നിവ പാലിച്ച് സുതാര്യതയും മത്സരക്ഷമതയും ഉറപ്പുവരുത്തി മാത്രം വാങ്ങൽ നടപടികൾ പൂർത്തിയാക്കേണ്ടതും, ജെം മുഖേന പർച്ചേസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
B) തെരുവുവിളക്കുകളുടെ സ്ഥാപിക്കൽ, പരിപാലനം എന്നിവ സംബന്ധിച്ച പരാതി രജിസ്റ്റർ പരിപാലിക്കുകയും, പോസ്റ്റുകളിൽ നിന്ന് അഴിച്ചു മാറ്റുന്ന കേടായ സാധനങ്ങൾ അതാത് ദിവസം തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള സ്റ്റോക്ക് ഇൻ രജിസ്റ്ററും, സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റിക്കൺസിൽ ചെയ്യേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നതായി കാണുന്നില്ല. പ്രസ്തുത പ്രോജക്ട് മുഖേന 4154 Led Bulb കളാണ് വാങ്ങിയത്. ഇതിൽ തെരുവ് വിളക്ക് പരിപാലനം പ്രോജക്ട് രേഖകൾ പ്രകാരം 2494 Led Bulb കളാണ് ഉപയോഗിച്ചത്. എന്നാൽ വാങ്ങിയ ഉപകരണങ്ങൾ മുഴുവൻ വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ കാണിച്ചിട്ടുണ്ട്. 2023-24 വർഷത്തെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ബാക്കിയുള്ള 1660 Led Bulb-കളുടെ വിവരങ്ങൾ അറിയുന്നതിന് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 1660 Led Bulb കൾ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നം. 30/1-8-2025

1-36 വീട് വാസയോഗ്യമാക്കൽ - അഡ്വാൻസ് കൈപ്പറ്റിയ ശേഷം ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയില്ല

സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ 28/05/2022 ഖ-6.7.4 പ്രകാരം വീട് വാസയോഗ്യമാക്കൽ പ്രവൃത്തിക്ക് കരാറിൽ ഏർപ്പെട്ടശേഷം 50% തുക മുൻകൂറായി അനുവദിക്കാവുന്നതാണ്. അപ്രകാരം മുൻകൂർ തുക കൈപ്പറ്റി പ്രവൃത്തി പൂർത്തിയാക്കിയവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.
1)

പ്രോജക്ട് നം.	വകയിരുത്തൽ ₹	ചെലവ് ₹
68/25-വീട് വാസയോഗ്യമാക്കൽ	വികസന ഫണ്ട് ജനറൽ -9,00,000/-	വികസന ഫണ്ട് ജനറൽ - 3,25,000/-

പേര്	നൽകിയ തുക ₹	ബിൽ നം./തീയതി
ശ്രീമതി ആശ എസ്, ചൂളൂർ വീട്	25,000/-	32/13.03.25
ശ്രീമതി രജനി പി, രഞ്ജിത് ഭവനം	25,000/-	35/13.03.25

2)

പ്രോജക്ട് നം.	വകയിരുത്തൽ ₹	ചെലവ് ₹
67/25 വീട് വാസയോഗ്യമാക്കൽ എസ്.സി	വികസന ഫണ്ട് എസ്.സി.പി. -17,00,000/-	വികസന ഫണ്ട് എസ്.സി.പി. -12,50,000/-

പേര്	നൽകിയ തുക ₹	ബിൽ നം.
ശ്രീമതി അതുല്യാ കൃഷ്ണൻ, പെരുമ്പ്രാൽ	50,000/-	4/15.02.25
ശ്രീമതി രത്നമ്മ, രജിതാഭവനം	50,000/-	8/13.03.25

മേൽ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയതിന്റെ മൂല്യനിർണയ സാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് വാല്യുവേഷൻ ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കളെക്കൊണ്ട് ഭവന പുനരുദ്ധാരണം പൂർത്തീകരിപ്പിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം. 15/29.07.25

1-37 ലൈഫ് ഭവന നിർമ്മാണം -അഡ്വാൻസ് കൈപ്പറ്റിയ ശേഷം ഭവന നിർമ്മാണം ആരംഭിച്ചില്ല

2024-25 ൽ ലൈഫ് ഭവന നിർമ്മാണം-അഡ്വാൻസ് കൈപ്പറ്റിയ ശേഷം ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തവരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര്	ബിൽ നമ്പർ	തുക₹
ലൈഫ് ഭവനനിർമ്മാണം-60/25		
ശ്രീ. സുദർശനൻ, തറയിൽ തെക്കതിൽ, പടിഞ്ഞാറ്റംമുറി	1240011/29-8-24	40,000/-
ശ്രീമതി കാർത്തികകുട്ടിയമ്മ, കാർത്തികഭവനം	1240012/29-8-24	40,000/-
ശ്രീ.പൊടിയൻ/അമ്മിണി, കാട്ടൂർ പടീറ്റതിൽ	1240012/29-8-24	40,000/-
ശ്രീമതി സരള , കന്നേലി ത്തറയിൽ, പടിഞ്ഞാറ്റംമുറി	1240011/29-8-24	40,000/-
ശ്രീമതി ലളിത, കണ്ണമ്പള്ളിൽ , പടിഞ്ഞാറ്റംമുറി	1240011/29-8-24	40,000/-

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടി വിവരങ്ങൾ രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

1-38 ഹെൽത്ത് ഗ്രാന്റ് അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം സംസ്ഥാനങ്ങളുടെ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2021-22 സാമ്പത്തിക വർഷം മുതൽ ഹെൽത്ത്-ഗ്രാന്റ് അനുവദിച്ചുവരുന്നു. 2025-2026 കാലയളവ് വരെയാണ് ഇപ്രകാരം ഹെൽത്ത് ഗ്രാന്റ് അനുവദിക്കുന്നത്. ഗ്രാമപഞ്ചായത്തിന് 2021-22 മുതൽ 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	ഇനം	ലഭിച്ച ഹെൽത്ത് ഗ്രാന്റ് ₹				ആകെ₹	ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ്₹				ആകെ₹	ബാലൻസ്
		2021-2022	2022-2023	2023-2024	2024-2025		2021-2022	2022-2023	2023-2024	2024-2025		
1	Support For Diagnostic	0.00	466362	985060	410736	1862158	0.00	345167	921987	46980	1314134	548024

	Infrastructure											
2	Grant For Rural Health & Wellness Centres	0.00	310198	409974	642279	1362451	0.00	265745	381496	21504	668745	693706
3	Construction Of Building To Health Sub Centres	0.00	0.00	8443554	202881	8646435	0.00	0.00	0.00	7025217	7025217	1621218
	ആകെ	0	776560	9838588	1255896	11871044	0.00	610912	1303483	7093701	9008096	2862948

Support For Diagnostic Infrastructure എന്ന ഇനത്തിൽ നൽകിയ തുക ഉപയോഗിച്ച് സ്കീം-3 പ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി നാളിതു വരെ ചെലവഴിച്ച തുകകളുടെ വിവരംചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഇനം	ചെലവഴിച്ച തുക ₹				ആകെ₹
		2021-2022	2022-2023	2023-2024	2024-2025	
1	ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.	0.00	0.00	0.00	0.00	0.00
2	ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക.	0.00	0.00	0.00	0.00	0.00
3	ഉപകരണങ്ങൾ, കിറ്റുകൾ, റീ ഏജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക.	0.00	325167	902017	46980	1274164
4	ഉപകരണങ്ങളുടെ മെയിന്റനൻസ്	0.00	20000	19970		39970
	ആകെ	0.00	345167	921987	46980	1314134

Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റുപയോഗിച്ച് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഇനം	ചെലവഴിച്ച തുക₹				ആകെ₹
		2021-2022	2022-2023	2023-2024	2024-25	
1	പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ.	0.00	0.00	0.00	0.00	0.00
2	ഇന്റർനെറ്റ് ചാർജ്	0.00	0.00	9000	0.00	9000
3	ബോധവൽക്കരണ ക്ലാസ്സുകൾ	0.00	0.00	0.00	0.00	0.00
4	ജീവനക്കാർക്കും ആശാ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം	0.00	0.00	0.00	1600	1600
5	ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുക	0.00	265745	372496	19904	658145
	ആകെ	0.00	265745	381496	21504	668745

Construction Of Building To Health Sub Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റുപയോഗിച്ച് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുത്ത പ്രഫോർമയിൽ ലഭ്യമാക്കുക.

ഇനം	ചെലവഴിച്ച തുക ₹			
	2021-2022	2022-2023	2023-2024	2024-2025
Construction Of Building	0.00	0.00	0.00	7025217
ആകെ				7025217

2021-2026 കാലയളവിലേയ്ക്കാണ് ഹെൽത്ത് ഗ്രാന്റ് അനുവദിക്കുന്നത്. അതാത് വർഷം അനുവദിക്കുന്ന ഹെൽത്ത് ഗ്രാന്റ് ഫലപ്രദമായി പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. ടി വിഷയത്തിൽ ആരോഗ്യവിദ്യാഭ്യാസ സ്ഥിരം സമിതിയുടേയും, പഞ്ചായത്ത് കമ്മിറ്റിയുടെയും അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

1-39 ജൽജീവൻ മിഷൻ അവലോകനം

കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് നാളിതുവരെ തുക ചെലവഴിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറിക്ക് മറുപടിയായി, ഫണ്ടിന്റെ ലഭ്യത കുറവ് കാരണം ജൽജീവൻ മിഷൻ പദ്ധതിക്കായി ഗ്രാമ പഞ്ചായത്ത് തുക

വകയിരുത്തിയിട്ടില്ലെന്നും എം.എൽ.എ ഫണ്ടിൽ നിന്നും തുക ലഭിച്ചിട്ടില്ലെന്നും ജൽ ജീവൻ മിഷൻ പദ്ധതിയ്ക്കായി കുഴിയെടുത്തത് മൂലം തകരാറു സംഭവിച്ച റോഡുകളുടെ പുനർ നിർമ്മാണത്തിന് റിസ്റ്റോറേഷൻ ചാർജിനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് തുക ലഭിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് എൻകൗയറി നമ്പർ 02/25.7.2025

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പത്താംതരം തുല്യത- ഇളവുള്ള എസ്.സി. വിദ്യാർത്ഥിക്ക് കോഴ്സ് ഫീസ് ഇനത്തിൽ തുക ഒടുക്കു വരുത്തി

നിർവ്വഹണം	ഹെഡ്മിസ്ട്രസ്
പ്രോജക്ട് നം., പേര്	44/25, സാക്ഷരത തുല്യത പരീക്ഷ
അടങ്കൽ	60,000/-രൂപ
ചെലവ്	14,700/-രൂപ
ചെക്ക് നമ്പർ	481415/27.03.25

ഹെഡ്മിസ്ട്സ്സ് നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ പ്രോജക്ട് നം.44 പ്രകാരം പത്താംതരം തുല്യത, ഹയർ സെക്കണ്ടറി തുല്യത കോഴ്സുകൾക്ക് രജിസ്ട്രേഷൻ ഫീസും കോഴ്സ് ഫീസും ഒടുക്ക് വരുത്തിയിട്ടുണ്ട്. പത്താംതരം പരീക്ഷയ്ക്ക് 4 പഠിതാക്കളുടെ ഫീസ് സാക്ഷരതാ മിഷനിൽ ഒടുക്കിയിട്ടുണ്ട്. ഇതിലുൾപ്പെട്ട എസ്.സി. വിഭാഗത്തിലെ പഠിതാവിന് കോഴ്സ് ഫീസിന് ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും കോഴ്സ് ഫീസ് ഇനത്തിൽ തുക ഒടുക്കു വരുത്തി. വിശദാംശം ചുവടെ ചേർക്കുന്നു.

പഠിതാവിന്റെ പേര്	കോഴ്സ്	ഉൾപ്പെടുന്ന വിഭാഗം
ശ്രീ. കണ്ണൻ, നന്ദനം എടപ്പനയം, പാറക്കടവ്	പത്താംതരം തുല്യത	പട്ടികജാതി വിഭാഗം

പ്രസ്തുത കോഴ്സിന്റെ പ്രോസ്പക്ടസ് പ്രകാരം എസ്.സി. വിദ്യാർത്ഥികൾക്ക് കോഴ്സ്ഫീസിന് ഇളവുണ്ട്. ഇതിന് വിരുദ്ധമായി കോഴ്സ് ഫീസ് അനുവദിച്ചതിനുള്ള കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൗയറിക്ക് രജിസ്ട്രേഷൻ ചെയ്തപ്പോൾ തെറ്റിപ്പോയതാണെന്ന മറുപടി ലഭ്യമാക്കി. അധികമായി അനുവദിച്ച തുകയായ 1,850/-രൂപ നിർവ്വഹണോദ്യോഗസ്ഥയായ ഹെഡ് മിസ്ട്രസ്സിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

ഓഡിറ്റ് എൻകൗയറി നം. 16/30.07.25
നിരാകരിക്കുന്ന തുക – 1,850/-രൂപ

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ	മെഡിസെപ്പ് പ്രീമിയം	മെഡിസെപ്പ് പ്രീമിയം	ഒടുക്കാൻ	റിമാർക്സ്

ജീവനക്കാരുടെ എണ്ണം	ഇനത്തിൽ ഈടാക്കിയ തുക	ഇനത്തിൽ ഒടുക്കിയതുക	ബാക്കി നിൽക്കുന്ന തുക	
16	*95,500/-രൂപ	*95,500/-രൂപ	0	

* 09.01.2025 ൽ 14 ജീവനക്കർ മാത്രമാണ് ഉണ്ടായിരുന്നത്. കൂടാതെ സെപ്റ്റംബർ മാസത്തിൽ 500/- രൂപ അധികം അടവാക്കിയിട്ടുണ്ട്.
(1-4-24 മുതൽ 31-3-25 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവർ ഒഴികെ)

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1-4-24മുതൽ 30-6-24-നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22മുതൽ അല്ലെങ്കിൽ 7/23മുതലുള്ള കുടിശ്ശിക ഉൾപ്പെടെ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ബാധകമല്ല					

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക്(1/7/24മുതൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(7/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക₹	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക ₹	റിമാർക്സ്
ബാധകമല്ല				

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1/8/24മുതൽ 31/3/25നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ചമാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22മുതൽ അല്ലെങ്കിൽ 7/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക₹	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക₹	റിമാർക്സ്
ബാധകമല്ല				0	0

4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2024-25	24.07.25 മുതൽ 25.07.25 വരെ	കെ.എസ്.എ.കെ.എൽഎം.പി.10/1693/25 തീയതി 30.08.2025

4-3 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച വർഷം	ലഭിച്ച തുക (₹)	പ്രോജക്ടിന്റെ പേര്	ചെലവ് (₹)	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2024-25	3,00,000/-	ലൈഫ് മിഷൻ-ജനറൽ	3,00,000/-	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	7,00,000/-	ലൈഫ് -എസ്.സി.പി	7,00,000/-	

ബ്ലോക്ക് പഞ്ചായത്ത്	2024-25	2,84,389/-	സാന്ത്വന പരിചരണം	2,84,389/-	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	1,00,000/-	എൻ.എച്ച്. എം. ആയൂർവ്വേദ ഡിസപെൻസറിയ്ക്ക് മരുന്ന് വാങ്ങൽ	1,00,000/-	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	2,25,000/-	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	2,25,000/-	
ബ്ലോക്ക് പഞ്ചായത്ത്	2024-25	1,74,267/-	ബഡ്സ്ക്കൂൾ അനുബന്ധ പ്രവർത്തനം	1,74,267/-	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	3,49,794/-	ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്	3,49,794/-	
ബ്ലോക്ക് പഞ്ചായത്ത്	2024-25	2,34,141/-	ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്	2,34,141/-	
ജില്ലാ പഞ്ചായത്ത്	2024-25	10,25,680/-	സമഗ്രനെൽകൃഷി വികസനം	10,25,680/-	0
ജില്ലാ പഞ്ചായത്ത്	2024-25	5,60,000/-	സമഗ്രനെൽകൃഷി വികസനം (സ്പിൽ ഓവർ)	5,60,000/-	0
ജില്ലാ പഞ്ചായത്ത്	2024-25	8,00,000/-	ലൈഫ് മിഷൻ (സ്പിൽ ഓവർ)	8,00,000/-	0
ജില്ലാ പഞ്ചായത്ത്	2024-25	5,00,000/-	ലൈഫ് മിഷൻ	5,00,000/-	
ജില്ലാ പഞ്ചായത്ത്	2024-25	29,70,000/-	ലൈഫ് മിഷൻ-SCP	29,70,000/-	
ജില്ലാ പഞ്ചായത്ത്	2024-25	95,000/-	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്	95,000/-	0
ജില്ലാപഞ്ചായത്ത്	2024-25	2,50,000/-	അനുപൂരക പോഷകാഹാര പദ്ധതി-എസ്.സി.പി	2,50,000/-	
ജില്ലാപഞ്ചായത്ത്	2024-25	57,000/-	അനുപൂരക പോഷകാഹാര പദ്ധതി-ജനറൽ	57,000/-	
ജില്ലാപഞ്ചായത്ത്	2024-25	1,31,244/-	ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്	1,31,244/-	

4-4 നിക്ഷേപപ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
കെ.എസ്.ഇ.ബി.	62/25, ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ	12167(ചെക്ക് നമ്പർ 464079, 6-2-25) 27594(ചെക്ക് നമ്പർ 481397, 3-3-25	39,761/-	0	39,761/-
കെ.എസ്.ഇ.ബി.	61/25, ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ	എ.സി.ആർ ബിൽ നം 252/28.2.24	1,46,029/-	0	1,46,029/-
കെ.എസ്.ഇ.ബി.	66/25, ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ	ചെക്ക് നമ്പർ 245116, 14-11-24, ചെക്ക് നമ്പർ 464067, 27-01-25	2,99,829/-	0	2,99,829/-
കെ.എസ്.ഇ.ബി.	243/25, സ്ട്രീറ്റ് മെയിൻ വലിക്കൽ	ചെക്ക് നമ്പർ 245085, 7-10-24	59,226/-	0	59,226/-

	അധിക തുക നൽകൽ				
കെ.എസ്.ഇ.ബി.	96/25,സ്ട്രീറ്റ് മെയിൻ വലിക്കൽ	ബിൽ നമ്പർ-392/18-3-25	2,09,886/-	0	2,09,886/-

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-6 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് KURDFC വായ്പയിനത്തിൽ 54,40,396/-രൂപ വരവുണ്ട്. പലിശ 86,934/-രൂപ, മുൻബാക്കി 968/- രൂപയടക്കം 55,28,298/-രൂപയിൽ 50,10,266/-രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പ തുക(₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹)	തൻവർഷം തിരിച്ചടച്ച തുക (₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)
				മുതൽ	പലിശ	
ലൈഫ് മിഷൻ		54,40,396/-	2,01,74,243/-	23,45,513/-		2,32,69,126/-

ഹാജരാക്കിയ ലോൺരജിസ്റ്റർ, സാക്ഷ്യപ്പെടുത്തി നല്കിയ കണക്കുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ആണ് മുൻബാക്കി ചേർത്തിട്ടുള്ളത്.

4-7 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	₹2,68,433/-
തൻവർഷം നിക്ഷേപിച്ച തുക	0
ആകെ	₹2,68,433/-
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	₹2,68,433/-

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം	സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....)	തുക (₹)
1	ശൂരനാട് ഗ്രാമോദ്ധാരണ സർവ്വീസ് സഹകരണ ബാങ്ക്	1,23,333/-
2	സബ് ട്രഷറി, ശാസ്താംകോട്ട	1,45,100/-
ആകെ		2,68,433/-

വാർഷികകണക്കുമായി 23,333/-രൂപയുടെ വ്യത്യാസം സംബന്ധിച്ച് ഖ.നം.1-1-8 കാണുക.

4-8 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച 24,790/- രൂപയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	ഈടാക്കിയ തുക (₹)	ഒടുക്കിയ വ്യക്തിയുടെ പേര്	രസീത് നമ്പർ
2014-15	2-4	2500/-	മരിയാനം ഹോസ്പിറ്റൽ	1240100817/12.07.24
2014-15	2-4	2500/-	മാനേജർ. ഒലീവ് ഗ്രീൻസ് മാൻപവർ സൊല്യൂഷൻസ്	1240100818/12.07.24
2015-16	2-1	2500/-	മാനേജർ	1240100886/25.07.24
2015-16	2-1	5000/-	മാനേജർ	1240100888/25.7.24
2022-23	1-13	1440/-	ഹബാബീൽ ഹോളോബ്രിക്സ്	1240100442/17.5.24
2022-23	1-13	1250/-	രാമൻ പിള്ള	1240100712/25.6.24
2022-23	1-13	1920/-	രാധാമണി	1240100854/22.7.24

2022-23	1-13	1920/-	വസന്തകുമാരിയമ്മ	1240100855/22.7.24
2022-23	1-13	1920/-	ദിവാകരൻ	1240100856/22.7.24
2022-23	1-13	1920/-	മുഹമ്മദ് സാദിഖ്	1240100868/22.7.24
2022-23	1-13	1920/-	മാനേജർ എൻ. എസ്. വയർകട്ട് ബ്രിക്സ്	1240100918/29.7.24

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഭാഗം	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2001-02	3-11	2006-07	3-11-8	റോഡ് പുനരുദ്ധാരണം	അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
2003-04	3-7	2006-07	3-11-4	പട്ടികജാതി വികലാംഗർക്ക് ബങ്ക്	പരാമർശം അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
2014-15	2-4	2016-17	അനുബന്ധം-4	തൊഴിൽ നികുതി	പരാമർശം അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്.
2016-17	2-1	2017-18	1-2-2	തനത് ഫണ്ടിനായി ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ	പരാമർശം അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്.

4-10 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക.

ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക.

ഇല്ല.

4-11 ഓഡിറ്റ് പ്രത്യവലോകനം

എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക (₹)		ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1		1,850/-	ശ്രീമതി മിനി ഒ, ഹെഡ്മിസ്ട്രസ്

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും
1-18	94,797/-രൂപ	ഡോ. ഫിലിപ്പോസ് തോമസ് വൈദ്യൻ, മെഡിക്കൽ ഓഫീസർ
1-19	9,54,731/-രൂപ	ശ്രീമതി സംഗീത സി ആർ, സെക്രട്ടറി
1-20	49,796/-രൂപ	ശ്രീമതി സംഗീത സി ആർ, സെക്രട്ടറി
1-21	12,850/-രൂപ	ശ്രീമതി മിനി ഒ., ഹെഡ്മിസ്ട്രസ്
1-24	3,00,000/-രൂപ	ശ്രീമതി സംഗീത സി ആർ, സെക്രട്ടറി
1-32	1,80,000/-രൂപ	ഡോ. ബുഷ്റ, മെഡിക്കൽ ഓഫീസർ
ആകെ	15,92,174/-രൂപ	

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും, ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി സംഗീത സി ആർ, സെക്രട്ടറി	സെക്രട്ടറി, ഗ്രാമപഞ്ചായത്ത്	ചാലിൽ ഹൗസ്, എസ്.ആർ.പി. മാർക്കറ്റ് റോഡ്, തഴവ
ഡോ. ഫിലിപ്പോസ് തോമസ് വൈദ്യൻ മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി. ശൂരനാട്	നടുവിലേ തെക്കേപുത്തൻ വീട് തേവലക്കര, മൈനാഗപ്പള്ളി.
ഡോ. ബുഷ്റ, മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി.	12/നിസാർ മൻസിൽ, ഇടപ്പള്ളിക്കോട്ട കരുനാഗപ്പള്ളി
ശ്രീമതി മിനി ഒ.	ഹെഡ്മിസ്ട്രസ് എൽ.പി.എസ്. നടുവിലേമുറി	എടയാടി തെക്കതിൽ മുടിയോർക്കോണം പി.ഒ. പന്തളം

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997 -98	കെ.എസ്.എ.-കെ.എൽ.എം./പി 10/396/18 തീയതി-27/04/18	3
1998 -99	കെ.എസ്.എ.-കെ.എൽ.എം./പി 10/396/18 തീയതി-27/04/18	4
1999 -2000	കെ.എസ്.എ.-കെ.എൽ.എം./പി 10/396/18 തീയതി-27/04/18	5
2000 -01	കെ.എസ്.എ.-കെ.എൽ.എം./പി 10/396/18 തീയതി-27/04/18	8
2001 -02	കെ.എസ്.എ.-കെ.എൽ.എം./പി 10/396/18 തീയതി-27/04/18	2
2002 -03	കെ.എസ്.എ.-കെ.എൽ.എം./പി 10/396/18 തീയതി-27/04/18	4
2003 -04	കെ.എസ്.എ.-കെ.എൽ.എം./പി 10/396/18 തീയതി-27/04/18	2
2004 -05	കെ.എസ്.എ.-കെ.എൽ.എം./പി 10/396/18 തീയതി-27/04/18	4
2005 -06	കെ.എസ്.എ.-കെ.എൽ.എം./പി 10/396/18 തീയതി-27/04/18	4
2006 -07	കെ.എസ്.എ.-കെ.എൽ.എം./പി 10/720/19 തീയതി-29/05/19	6
2007 -08	കെ.എസ്.എ.-കെ.എൽ.എം./പി 10/720/19 തീയതി-29/05/19	6
2008 -09	കെ.എസ്.എ.-കെ.എൽ.എം./പി 10/720/19 തീയതി-29/05/19	2
2009 -10 & 2010 -11	കെ.എസ്.എ.-കെ.എൽ.എം./പി 10/720/19 തീയതി-29/05/19	6
2011 -12	കെ.എസ്.എ.-കെ.എൽ.എം./പി 10/ അദാലത്ത്/2011-12/97/22/22.08.2022	6
2012 -13 & 2013 -14	കെ.എസ്.എ.-കെ.എൽ.എം./പി 10/അദാലത്ത്/2012 -13 & 2013 -14/97/22/22.08.2022	8
2014 -15	കെ.എസ്.എ.-കെ.എൽ.എം./പി 10/അദാലത്ത്/2014 -15 /97/22/22.08.2022	7
2015-16	കെ.എസ്.എ.-കെ.എൽ.എം./പി 10/അദാലത്ത്/2015-16	5

	/97/22/22.08.2022	
2016-17	കെ.എസ്.എ.-കെ.എൽ.എം./പി 10/549/18 തീയതി-28/04/18	11
2017-18	കെ.എസ്.എ.-കെ.എൽ.എം./പി 10/1652/18 തീയതി-24/10/18	7
2018-19	കെ.എസ്.എ.-കെ.എൽ.എം./പി10/103/2020 തീയതി. 22.05.2020	6
2019-20	കെ.എസ്.എ.-കെ.എൽ.എം./പി10/1151/2021 തീയതി. 24.03.2022	എല്ലാ ഖണ്ഡികകളും
2020-21	കെ.എസ്.എ.-കെ.എൽ.എം./പി10/1151/2021 തീയതി. 24.03.2022	എല്ലാ ഖണ്ഡികകളും
2021-22	കെ.എസ്.എ.-കെ.എൽ.എം.പി10/1832/22 തീയതി 05.01.2023	എല്ലാ ഖണ്ഡികകളും
2022-23	കെ.എസ്.എ.-കെ.എൽ.എം.പി10/1951/2023 തീയതി 30.11.2023	27
2023-24	കെ.എസ്.എ.-കെ.എൽ.എം.പി10/ 2139/24 തീയതി 06.12.24	എല്ലാ ഖണ്ഡികകളും

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 21-06-2025 and submitted on 26-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Sooranad North Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Sooranad North Grama Panchayat as on 31-03-2025

Date: 30/08/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Sooranad North Grama Panchayat for the Year 2024-2025.

1.Major Observations

Nil

2.Other Observations

1. The following mandatory financial statements prescribed in accounting rules are not submitted for audit.

a) Ratios.
b) Notes on accounts.
2. Development fund SCP details in AFS do not match with ACR and Sulekha Expenditure statement.
3. Grant liability amount of CFC Shown as liability in Balance sheet does not match with Bank account opened for CFC
4. Payment Voucher Missclassification.
5. Lapses in making timely and accurate demand entries in respect of Property tax.
6. Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items.
7. Investment amount shown in the B12 schedule is not accurate.
8. Closed Bank Account amount 139400/-shown Closing balance in RP40(b).
9. CFC Grant Tied Treasury allotment 600526/- not included as receipt in ACR.

10. Amount shown in Capital Work in Progress is not accurate.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം - 3
അനുബന്ധ പത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.